# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മാർച്ച് 20 | ദീപം 58 | നാളം 3 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# പാക് അധീനകശ്മീർ ഇന്ത്യയിൽ ലയിക്കുന്നു?


അനിൽ ജെ. തയ്യിൽ


പാക്കിസ്ഥാൻ വിഭജനത്തിലേക്കോ? പാക് അധിനിവേശകശ്മീർ ഇന്ത്യയിൽ ലയിക്കുമെന്ന് സൂചന. സുപ്രധാനമായ രണ്ടു പ്രഖ്യാപനങ്ങൾക്കാണ് ഈയാഴ്ച സാക്ഷ്യം വഹിച്ചത്. അതിൽ ഒന്നാമത്തേത് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റേതായിരുന്നു. പാക്കിസ്ഥാനിലേക്ക്; പ്രത്യേകിച്ച്, ഖൈബർ പഖ്തൂൺ പ്രദേശങ്ങളിലേക്കുള്ള യാത്രകൾ അമേരിക്കക്കാർ ഒഴിവാക്കണമെന്ന നിർദേശമായിരുന്നു അത്. രണ്ടാമത്തേത് ഇന്ത്യൻ പ്രതിരോധമന്ത്രി രാജനാഥ് സിങ്ങിന്റേത്. പാക് അധിനിവേശകശ്മീർ സമാധാനപരമായി ഭാരതത്തിലേക്ക് ഉടൻതന്നെ ലയിക്കുമെന്നുള്ളതായിരുന്നു അത്. പാക്കിസ്ഥാനിലെ വർത്തമാനകാലരാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ ശ്രദ്ധിച്ചാൽ ഈ രണ്ടു പ്രസ്താവങ്ങളിലും അതിശയോക്തിപരമായി ഒന്നുമില്ല എന്നു മനസ്സിലാവും. അത്രത്തോളം ഗുരുതരമായ സംഘർഷാവസ്ഥയിലൂടെയാണ് ഇപ്പോൾ പാക്കിസ്ഥാൻ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. നിലവിലെ പ്രധാനപ്രശ്നം ബലൂചിസ്ഥാൻതന്നെ. ഒപ്പം രാഷ്ട്രീയ അസ്ഥിരതയും സാമ്പത്തികത്തകർച്ചയും.

### ബലൂചിസ്ഥാൻ


പാക്കിസ്ഥാന്റെ വടക്കുപടിഞ്ഞാറു മേഖലയിലെ ഒരു പ്രവിശ്യയാണ് ബലൂചിസ്ഥാൻ. പാക്കിസ്ഥാനിലെ ഏറ്റവും വലുതും എന്നാൽ, ജനസംഖ്യ ഏറ്റവും കുറവുള്ളതുമായ പ്രവിശ്യ. ഇറാനിലും പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലുമായി പരന്നുകിടക്കുന്ന ബലൂചിസ്ഥാന്റെ കിഴക്കൻഭാഗങ്ങൾ ഉൾപ്പെട്ടതാണ് പാക് ബലൂചിസ്ഥാൻ. ഇറാനിയൻ പീഠഭൂമിയുടെ കിഴക്കേയറ്റം ഇറാനിയൻ ബലൂചിസ്ഥാൻ എന്നും അഫ്ഗാനിസ്ഥാനിലെ നിമ്രൂസ്, ഹെൽമണ്ട്, കാണ്ഡഹാർ എന്നീ പ്രദേശങ്ങൾ അഫ്ഗാൻ ബലൂചിസ്ഥാൻ എന്നുമാണ് അറിയപ്പെടുന്നത്. പാക്കിസ്ഥാന്റെ ആകെ വിസ്തീർണത്തിന്റെ 44 ശതമാനം വരുന്ന ബലൂചിസ്ഥാൻ മേഖല സാക്ഷരതയിലും വികസനത്തിലും ഏറെ പിന്നാക്കമാണ്. ഏറ്റവും കൂടിയ ദാരിദ്ര്യസൂചികയും ഏറ്റവും ഉയർന്ന മാതൃ-ശിശുമരണനിരക്കുമുള്ള ഇവിടം പക്ഷേ, ധാതുവിഭവങ്ങളാലും എണ്ണയാലും ഏറ്റവും സമ്പന്നമേഖലയാണ്! ആദിമവിഭാഗമായ ബലൂച് ഗോത്രക്കാരിൽനിന്നാണ് ബലൂചിസ്ഥാൻ എന്ന പേരുവന്നത്. സുന്നി മുസ്ലിംകളായ ഇവരുടെ സംസാരഭാഷ ബലൂചിയാണ്. മുമ്പ് അഫ്ഗാനിസ്ഥാൻ കീഴടക്കിയ ബ്രിട്ടനും ഇറാനും തമ്മിലുള്ള ധാരണകളാണ് രാജ്യത്തിന്റെ ഇന്നത്തെ അതിർത്തികൾ.

### എന്താണ് ബലൂചിസ്ഥാൻ പ്രശ്നം?

ബലൂചിസ്ഥാനും 1947 ൽ ഇന്ത്യയ്ക്കൊപ്പം ഇംഗ്ലീഷ് ആധിപത്യത്തിൽനിന്നു സ്വതന്ത്രമായിരുന്നു. അന്നു നാട്ടുരാജ്യങ്ങളായിരുന്ന പ്രദേശങ്ങളും ഇപ്പോഴത്തെ പാക് ബലൂച് പ്രദേശങ്ങളും പാക്കിസ്ഥാനിൽ ചേരാൻ വിസമ്മതിക്കുകയും സ്വതന്ത്രരാഷ്ട്രവാദം ഉയർത്തുകയും ചെയ്തെങ്കിലും പാക്കിസ്ഥാൻ ബലമായി ആ പ്രദേശങ്ങൾ കീഴടക്കിയതോടെ പാക്-ബലൂച് സംഘട്ടനം. 1948, 1958, 1962–63,1973–77 കാലഘട്ടങ്ങളിലെ കനത്ത സംഘർഷങ്ങൾക്കുശേഷം ശാന്തത പുലർന്ന ഇവിടെ, 1999 ൽ ജനറൽ പർവേസ് മുഷറഫ് പാക്കിസ്ഥാനിൽ അധികാരം പിടിച്ചെടുക്കുകയും മേഖലയിൽ പാക് കന്റോൺമെന്റുകൾ സ്ഥാപിക്കുകയും ചെയ്തതോടെ കലാപം വീണ്ടും രൂക്ഷമായി. 2005 ൽ ബലൂച് നവാബ് ആയിരുന്ന അക്ബർ ഖാൻ ബുഗ്നി പ്രദേശത്തിന്റെ പ്രകൃതിസമ്പത്തിൽ തങ്ങൾക്കു നിയന്ത്രണം ആവശ്യപ്പെടുകയും തൊട്ടടുത്ത വർഷം പാക് സൈന്യത്താൽ കൊല്ലപ്പെടുകയും ചെയ്തു. ദിവസങ്ങൾക്കകം മുഷറഫിനെതിരേ വധശ്രമം നടന്നു. തുടർന്ന്, സർക്കാർ ഈ മേഖലയെ അങ്ങേയറ്റം അവഗണിക്കുകയാണു ചെയ്തത്. ദാരിദ്ര്യത്തിന്റെ കൂത്തരങ്ങായി മാറിയ ഇവിടെ സ്വാതന്ത്ര്യ അഭിവാഞ്ഛയോടെ തീവ്രവാദസംഘടനകൾ ഉയർത്തെഴുന്നേറ്റു. പതിനായിരക്കണക്കിന് ആൾക്കാരെയാണ് സൈന്യം ഇവിടെനിന്നു പിടിച്ചുകൊണ്ടുപോയി ഇല്ലായ്മ ചെയ്തത്.

### മേഖലയിലെ ഖനനവും അടിസ്ഥാനസൗകര്യവികസനവും

ചൈനയ്ക്ക് അടിയറവച്ച പാക്കിസ്ഥാൻ തുറമുഖനിർമാണവും നിയന്ത്രണവുംകൂടി അവർക്കു വിട്ടുകൊടുത്തതോടെ സ്വാതന്ത്ര്യകലാപം അതി




രൂക്ഷമായി. ബലൂചിസ്ഥാനിലെ ഗ്വാദർതുറമുഖം ചൈനയുടെ വൺ ബെൽറ്റ് വൺ റോഡ് പദ്ധതിയുടെ ഭാഗമാണ്.

അതേസമയം, ഇറാന്റെ പ്രവിശ്യയായ സിസ്റ്റാൻ ബലൂചിസ്ഥാനും ആ രാജ്യത്തുനിന്നു നേരിടുന്നത് കടുത്ത അവഗണനയാണ്. ബലൂചികൾ സുന്നിമുസ്ലീങ്ങൾ ആണെന്നതാണ് ഇറാന്റെ ഷിയാനേതൃത്വത്തിന്റെ പ്രശ്നം. അതുകൊണ്ടുതന്നെ ഈ മേഖലയിൽ വികസനം തീരെയില്ല. അങ്ങനെ ഇവിടെയും തീവ്രവാദസംഘങ്ങൾ രൂപംകൊള്ളുകയും തീവ്രവാദസംഘടനകൾ പരസ്പരം സഹായിക്കുകയും ചെയ്തുതുടങ്ങി. അതുകൊണ്ടുതന്നെ രണ്ടു രാജ്യങ്ങളിലേക്കും തീവ്രവാദിയാക്രമണങ്ങൾ പതിവായി.

എന്നാൽ, നയതന്ത്രപരമായ സമീപനം ഒഴിവാക്കി അടിച്ചമർത്തൽനയം പിന്തുടർന്നതാണ് പാക്കിസ്ഥാന്റെയും ഇറാന്റെയും ഭാഗത്തെ വീഴ്ച.

1991 മുതൽ അഫ്ഗാനിസ്ഥാൻ പിടിച്ചടക്കിയ താലിബാൻ ബലൂച് തീവ്രവാദികൾക്കു സുലഭമായി ആയുധങ്ങൾ നൽകുന്നു. 2640 കിലോമീറ്റർ ദൈർഘ്യം വരുന്ന അതിർത്തിരേഖ ഡ്യൂറൻഡ് ലൈൻ അഫ്ഗാനിസ്ഥാൻ, പ്രത്യേകിച്ച് താലിബൻ അംഗീകരിക്കുന്നില്ല. അവർ പാക്ക് താലിബാന് എല്ലാ സഹായവും നൽകി പാക്കിസ്ഥാനുള്ളിൽ ആക്രമണപരമ്പരകൾ സൃഷ്ടിക്കുന്നു.

### ബലൂചിസ്ഥാൻ സംഘടനകളും നീക്കങ്ങളും

പ്രധാന സംഘടനയായ ബലൂചിസ്ഥാൻ ലിബറേഷൻ ആർമിയെ (ബിഎൽഎ) കൂടാതെ ബലൂചിസ്ഥാൻ റിപ്പബ്ലിക് ആർമി (ബിആർഎ), ബലൂചിസ്ഥാൻ ലിബറേഷൻ ഫ്രണ്ട് (ബിഎൽഎഫ്) എന്നിവരാണ് നിലവിൽ ശക്തമായി പ്രവർത്തിക്കുന്നത്. ഈ ഗ്രൂപ്പുകളെല്ലാംകൂടി കഴിഞ്ഞവർഷം മാത്രം പാക്കിസ്ഥാനും ചൈനയ്ക്കുമെതിരേ 938 ആക്രമണങ്ങളാണു നടത്തിയത്. ഈ ആക്രമണങ്ങളിൽ ആയിരത്തിലേറെ പേർ മരിക്കുകയും 650 ലേറെ പേർക്കു പരിക്കേൽക്കുകയും ചെയ്തു എന്നാണ് ഔദ്യോഗികകണക്ക്. സാമ്പത്തികമായി ദുർബലമായ രാജ്യങ്ങളിൽ അടിസ്ഥാനവികസന നിർമാണപ്രവർത്തനങ്ങൾ നടത്തി കടക്കെണിയിലാക്കി സ്വന്തം ഇംഗിതം നടപ്പാക്കുകയെന്ന, ശ്രീലങ്കയിലും മാലദ്വീപിലും നടപ്പാക്കിയ അതേ കുതന്ത്രമാണ് ചൈന ഇവിടെയും ഉപയോഗിച്ചത്. എന്നാൽ, തീവ്രവാദസംഘടനകൾ നടത്തുന്ന ആക്രമണങ്ങൾമൂലം പണിപൂർത്തിയായ ഗ്വാദർ തുറമുഖവും വിമാനത്താവളവും ഏതാണ്ടു നിശ്ചലമാണ്.


▶ 9

# ശ്വാസം മുട്ടിക്കുന്ന വായുമലിനീകരണം





ഡോ. ജോർജ് തയ്യിൽ

**ലോ**കത്തുള്ള 92 ശതമാനം ആൾക്കാരും അശുദ്ധവായു ശ്വസിക്കുന്നവരാണെന്നാണ് പുതിയ പഠനഫലം. ഈ ദാരുണമായ പ്രതിഭാസം ആഗോളമായി അഞ്ചുലക്ഷംകോടി ഡോളറിന്റെ ധനബാധ്യതയാണ് ലോകരാഷ്ട്രങ്ങൾക്കുണ്ടാക്കുന്നത്. ഭീതിദമായി വർധിച്ചുവരുന്ന ഓസോൺമലിനീകരണത്തിന്റെ പ്രത്യാഘാതമായി 2030 ആകുന്നതോടെ കാർഷികവിളകളുടെ ഉത്പാദനം 26 ശതമാനമായി കുറയും. വായുമലിനീകരണം മൂലം ആഗോളമായി പ്രതിവർഷം ഏഴു ദശലക്ഷം ആൾക്കാരാണ് മരണപ്പെടുന്നത്. ഇതിൽ നാലു ദശലക്ഷം പേരും ഏഷ്യ-പസഫിക് പ്രദേശങ്ങളിലുള്ളവരാണെന്നതാണു പ്രത്യേകത.

ഭൂമുഖത്ത് ഏറ്റവും കൂടുതൽ വായുമലിനീകരണമുള്ള പത്തു നഗരങ്ങളിൽ ഏഴും ഇന്ത്യയിലാണെന്ന പഠനറിപ്പോർട്ട് നമ്മെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്നു. വരുംകാലങ്ങളിൽ ജീവശ്വാസത്തിനായി ഇന്ത്യക്കാർ എത്രമാത്രം ബുദ്ധിമുട്ടണമെന്ന മുന്നറിയിപ്പ്! ലോകനഗരങ്ങളിലെ അന്തരീക്ഷവായുവിന്റെ ഗുണനിലവാരം ശാസ്ത്രീയമായി വിലയിരുത്തി ഐക്യു എയർവിഷ്വലും ഗ്രീൻപീസും ചേർന്നു തയ്യാറാക്കിയ പ്രസ്താവനയിലാണ് ഇന്ത്യൻ നഗരങ്ങളെക്കുറിച്ച് ഏറെ ഭയപ്പാടുളവാക്കുന്ന ഈ വെളിപ്പെടുത്തൽ. വായുനിലവാരസൂചിക (എക്യുഐ), ശ്വാസകോശത്തെ ബാധിക്കുന്ന പർട്ടിക്കുലേറ്റ് മാറ്ററിന്റെ അളവ് എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വായുമലിനീകരണനിലവാരം സ്ഥിരീകരിക്കുന്നത്.

വർധിച്ചുവരുന്ന വായുമലിനീകരണം ഏറ്റവും കൂടുതലുള്ള ലോകത്തെ ഇരുപതുനഗരങ്ങളിൽ പതിനഞ്ചും നമ്മുടെ രാജ്യത്താണെന്ന വസ്തുത ഭൂരിപക്ഷം ഇന്ത്യക്കാർക്കും അറിയില്ല. തലസ്ഥാനനഗരിയായ ഡൽഹിയുടെ പ്രാന്തപ്രദേശത്തുള്ള ഗുരുഗ്രാമാണു വായുമലിനീകരണത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനത്ത്. രണ്ടാമത് ഗാസിയാബാദ്. വായുമലിനീകരണം ഏറ്റവും വഷളായിട്ടുള്ള രാജ്യങ്ങളിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്ക്. ബംഗ്ലാദേശും പാക്കിസ്ഥാനും ഒന്നും രണ്ടും സ്ഥാനങ്ങളിൽ നിലയുറപ്പിച്ചിരിക്കുന്നു. ഒരുകാലത്ത് വായുമലിനീകരണം ഏറെ ഗുരുതരമായിരുന്ന ചൈന സ്ഥിതി വളരെ മെച്ചപ്പെടുത്തി ഇപ്പോൾ പന്ത്രണ്ടാം സ്ഥാനത്താണ്. ഭൂമുഖത്ത് ഏറ്റവും മെച്ചപ്പെട്ട ശുദ്ധവായു ലഭിക്കുന്ന രാജ്യം ഐസ്‌ലാന്റാണ്. ലോകാരോഗ്യസംഘടനയുടെ മാനദണ്ഡമനുസരിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ 99 ശതമാനം നഗരങ്ങളും അത്യന്തം മലിനീകൃതമാണ്. എഴുപത്തിമൂന്നു രാജ്യങ്ങളിലെ മൂവായിരത്തോളം ഭൗമസങ്കേതങ്ങളിൽനിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ തോതുകൾ സ്ഥിരപ്പെടുത്തിയത്.

പഞ്ചാബ്, ഹരിയാന അതിർത്തികളിലെ കൃഷിയിടങ്ങളിൽനിന്നുള്ള പുകയും മാലിന്യങ്ങളും മഞ്ഞും തിങ്ങി ഡൽഹിയിലെ അന്തരീക്ഷമലിനീകരണം ഗുരുതരാവസ്ഥയിലെത്തി. പോരാത്തതിന് ഉൾക്കൊള്ളാവുന്നതിലധികമായി വാഹനങ്ങളിൽനിന്നു ബഹിർഗമിക്കുന്ന വിഷവാതകങ്ങൾകൂടിയാകുമ്പോൾ ഡൽഹിജീവിതം അപകടാവസ്ഥയുടെ ലക്ഷ്മണരേഖ കടക്കുന്നു. ഇതിനെല്ലാം ഉപരിയാണ് ദീപാവലിസമയത്തും മറ്റ് ആഘോഷങ്ങളിലും പൊട്ടിച്ചുകൂട്ടുന്ന പടക്കവും. ഡൽഹിയിലെ അന്തരീക്ഷവായുവിന്റെ നിലവാരം മരണദണ്ഡനത്തിനു സമമാണെന്ന് വിദഗ്ധർ പ്രസ്താവിക്കുന്നു. നൂറിനു താഴെയായിരിക്കേണ്ട വായുനിലവാരസൂചിക (എയർ ക്വാളിറ്റി ഇൻഡക്സ്) കഴിഞ്ഞ ശീതകാലത്ത് 400 കവിഞ്ഞിരുന്നു. 20 സിഗരറ്റ് വലിക്കുന്നതിനു തുല്യമായ മലിനവായുവാണ് ഒരു നവജാതശിശു ഓരോ സമയവും ശ്വസിക്കുന്നതെന്ന് ഡൽഹിയിലെ ശിശുരോഗവിദഗ്ധർ പറയുന്നു. മലിനീകൃതഡൽഹി ഇന്ത്യയുടെ ഇതരസംസ്ഥാനങ്ങൾക്കുള്ള താക്കീതാണ്. കേരളത്തിലെ വാഹനപ്പെരുപ്പവും പ്ലാസ്റ്റിക്കിന്റെ വിനിയോഗവും അന്തരീക്ഷമാലിന്യങ്ങളുടെ ആധിക്യവും ഓടകളിൽ കെട്ടിക്കിടക്കുന്ന മലിനജലവും ഭാവിയിലുണ്ടാക്കാൻപോകുന്ന പല പുതിയ രോഗങ്ങൾക്കും വിത്തുകൾ പാകുന്നു. ഇടുങ്ങിയ റോഡുകളിലെ ചിട്ടയില്ലാത്ത ട്രാഫിക്കും കുമിഞ്ഞുപൊങ്ങുന്ന പുകപടലവും കൊച്ചിനഗരവാസികളെ ഇപ്പോഴേ ശ്വാസം മുട്ടിച്ചുതുടങ്ങി.

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ലോകം അഭിമുഖീകരിക്കുന്ന മഹാവിപത്തായിട്ടാണു പ്ലാസ്റ്റിക്മാലിന്യങ്ങളെ കണക്കാക്കുന്നത്. പ്ലാസ്റ്റിക്മാലിന്യങ്ങളുടെ ഗുരുതരമായ പ്രത്യാഘാതങ്ങളെപ്പറ്റി ചില യാഥാർഥ്യങ്ങൾ പരിശോധിക്കാം. ഓരോ മിനിട്ടിലും ലോകമാസകലം ഒരു ദശലക്ഷത്തിലധികം പ്ലാസ്റ്റിക്കുപ്പികളാണ് വിൽക്കപ്പെടുന്നത്. പ്രതിവർഷം അഞ്ചുലക്ഷം കോടി പ്ലാസ്റ്റിക്ബാഗുകളാണ് ഉപയോഗശൂന്യമായി പുറത്തേക്കു വലിച്ചെറിയപ്പെടുന്നത്. 1950 മുതൽ 1970 വരെ ഭൂമുഖത്ത് കൈയിലൊതുങ്ങാവുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങളേ ഉത്പാദിപ്പിക്കപ്പെട്ടുള്ളൂ. എന്നാൽ, രണ്ടു ദശകങ്ങൾ കഴിഞ്ഞ് 1990 ആയപ്പോൾ പ്ലാസ്റ്റിക് ഉത്പാദനം മൂന്നിരട്ടിയായി വർധിച്ചു. 2018 ലെ കണക്കു പരിശോധിച്ചാൽ 300 ദശലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് പ്രതിവർഷം പുറത്തേക്കു വലിച്ചെറിയപ്പെടുന്നത്. ഭൂമുഖത്ത് ആകെയുള്ള മനുഷ്യരുടെ ഭാരമാണിതെന്നോർക്കണം. 1950 നു ശേഷം ലോകത്ത് ആകെ 8.3 ലക്ഷം കോടി ടൺ പ്ലാസ്റ്റിക് ഉത്പന്നങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. ഇതിൽ 60 ശതമാനവും പരിസ്ഥിതിയിൽ മാലിന്യങ്ങളായി അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്നു. ഓരോ വർഷവും 8 ദശലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കരയിൽനിന്നു കടലിൽ എത്തിച്ചേരുന്നു. പ്ലാസ്റ്റിക്മാലിന്യങ്ങൾ കരയിലായാലും കടലിലായാലും നൂറ്റാണ്ടുകളോളം അഴിയാതെ സ്ഥിതിചെയ്യുമെന്ന് ഗവേഷണങ്ങൾ സ്ഥിരീകരിക്കുന്നു. ഇതിന്റെ അംശങ്ങൾ ജലത്തിലൂടെയും വായുവിലൂടെയും സഞ്ചരിച്ച് മാനവരാശിക്ക് അതിഗുരുതരമായ രോഗാതുരതകൾ ഉണ്ടാക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉത്പാദനവും വിപണനവും ഇതേ വേഗത്തിൽ മുന്നോട്ടുപോയാൽ 2050 ആകുന്നതോടെ കടലിൽ മത്സ്യസമ്പത്തിനെക്കാൾ കൂടുതലായി പ്ലാസ്റ്റിക്മാലിന്യങ്ങൾ ഉണ്ടാകുമെന്നു കണക്കുകൾ പ്രസ്താവിക്കുന്നു.

**വായുമലിനീകരണം ഏറ്റവും കൂടുതലുള്ള ലോകത്തെ ഇരുപതുനഗരങ്ങളിൽ പതിനഞ്ചും നമ്മുടെ രാജ്യത്താണെന്ന വസ്തുത ഭൂരിപക്ഷം ഇന്ത്യക്കാർക്കും അറിയില്ല. തലസ്ഥാനനഗരിയായ ഡൽഹിയുടെ പ്രാന്തപ്രദേശത്തുള്ള ഗുരുഗ്രാമാണു വായുമലിനീകരണത്തിൽ ലോകത്തിൽ ഒന്നാം സ്ഥാനത്ത്. രണ്ടാമത് ഗാസിയാബാദ്. വായുമലിനീകരണം ഏറ്റവും വഷളായിട്ടുള്ള രാജ്യങ്ങളിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്ക്.**

അന്തരീക്ഷമലിനീകരണം ഹാർട്ടറ്റാക്കിനു വഴിയൊരുക്കുന്ന പ്രതിഭാസം നാം കാണുന്നു. വർധിച്ച ഗതാഗതത്തിരക്കിലും അന്തരീക്ഷമലിനീകരണത്തിലുംപെട്ടവർക്ക് ഹൃദ്രോഗസാധ്യത 7.4 ശതമാനത്തിലെത്തുമെന്ന് ഈയടുത്തുനടന്ന പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇതു മറ്റ് ഉദ്ദീപനഘടകങ്ങളുടെ മുൻപന്തിയിൽ സ്ഥാനമുറപ്പിച്ചിരിക്കുന്നു. നൈട്രജൻ ഓക്സൈഡും പുകയിലപ്പുകയും പ്രാണവായു കുറഞ്ഞ മറ്റു പുകമിശ്രിതങ്ങളും വിഷലിപ്തമായ പൊടിപടലങ്ങളുമൊക്കെക്കൂടി മലിനീകൃതമായ അന്തരീക്ഷവായു സ്ഥിരമായി ശ്വസിച്ചാൽ ഹാർട്ടറ്റാക്കുണ്ടാകാനുള്ള സാധ്യതയേറുമെന്ന് അമേരിക്കയിലെ 90 നഗരങ്ങളിലുള്ള 50 ദശലക്ഷം ആൾക്കാരിൽ നടത്തിയ 'നാഷണൽ മോർട്ടാലിറ്റി ആൻഡ് മോർബിഡിറ്റി എയർ പൊല്യൂഷൻ സ്റ്റഡി' തെളിയിച്ചു. ജീവിതകാലംമുഴുവൻ മലിനമായ അന്തരീക്ഷത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ടവർക്ക് ആയുർദൈർഘ്യം സാരമായി കുറയുന്നു.

മലിനീകൃതമായ അന്തരീക്ഷവായുവിൽ കാണുന്ന ഘടകങ്ങൾ ഏതൊക്കെയാണ്? ഓസോൺ, പൊടിപടലം, കാർബൺ മോണോക്സൈഡ്, ഈയം, നൈട്രജൻ ഡയോക്സൈഡ്, സൾഫർ ഡയോക്സൈഡ്, മെർക്കുറി, ആർസെനിക്, ബെൻസിൻ, ഫോർമാൽഡിഹൈഡ്, അമ്ലകണികകൾ, വാഹനപ്പുക തുടങ്ങിയ ആയിരക്കണക്കിനു രാസഘടകങ്ങൾ മലീമസമായ അന്തരീക്ഷവായുവിൽ ഉൾക്കൊണ്ടിട്ടുണ്ട്. നിരവധി ഖരകണങ്ങളും ദ്രാവകണങ്ങളും ഉൾപ്പെടുന്ന വാതകമിശ്രിതമാണ് വിഷലിപ്തമായ അന്തരീക്ഷവായു. അമേരിക്കൻ ലങ് അസോസിയേഷന്റെ പഠനപ്രകാരം മലിനീകൃതമായ അന്തരീക്ഷത്തിൽ ജീവിക്കുമ്പോൾ ആസ്ത്മ, ബ്രോങ്കൈറ്റിസ്, അർബുദം, ഹൃദ്രോഗം, സ്ട്രോക്ക് തുടങ്ങിയ മാരകരോഗാവസ്ഥകൾമൂലം ആശുപത്രിയിൽ വരുന്നവരുടെ എണ്ണം കൂടുകയാണ്.

ലോകജനതയുടെ പകുതിയിലധികംപേർ ഇപ്പോഴും വിറക്, ചാണകം, കൽക്കരി തുടങ്ങിയവ കൊണ്ടാണ് ഭക്ഷണം പാകംചെയ്യുന്നത്. ഇതിൽനിന്നുള്ള പുകയെല്ലാം അന്തരീക്ഷത്തിൽ അലിയുകയാണ്. പാചകപ്പുകയിൽ വിഷവാതകമായ കാർബൺ മോണോക്സൈഡ് ധാരാളമായുണ്ട്. ഇതു ശ്വസിക്കുന്നതുകൊണ്ടു മാത്രം ഭൂമുഖത്ത് പ്രതിവർഷം ഒന്നരദശലക്ഷം പേർ മരണപ്പെടുന്നു. വിഷലിപ്തമായ അന്തരീക്ഷവായുവിന്റെ പ്രത്യാഘാതങ്ങൾ ഏറെയും അനുഭവിക്കുന്നത് നവജാതശിശുക്കളും കുട്ടികളും വയോധികരുമാണ്. 20 ശതമാനം ശ്വാസകോശാർബുദവും അന്തരീക്ഷവായുമലിനീകരണംകൊണ്ടുതന്നെ.

വായുമലിനീകരണംമൂലം ഹൃദ്രോഗമുണ്ടാകുന്നത് ഏറെ സങ്കീർണമായ പ്രക്രിയയിലൂടെയാണ്. തുടർച്ചയായി വിഷലിപ്തമായ വായു ശ്വസിച്ചാൽ ഹൃദയധമനികളിൽ രക്തക്കട്ടയുണ്ടാകാനുള്ള സാധ്യതയേറുന്നു. ക്രമം തെറ്റിയ ഹൃദയമിടിപ്പുണ്ടാകുന്നു. പെട്ടെന്ന് കൊറോണറി ധമനികൾ ചുരുങ്ങുന്നു. അമിതമായ ഓക്സീകരണവും ധമനീവീക്കവുമുണ്ടാകുന്നു. മേല്പറഞ്ഞ പ്രതികൂലപരിവർത്തനങ്ങളെല്ലാം ഹൃദയധമനികളിലെ 'പ്ലാക്ക്' പൊട്ടി അവിടെ രക്തക്കട്ടയുണ്ടാകുന്നതിനുള്ള ശക്തമായ ട്രിഗറുകളാകുന്നു. ഈ അവസ്ഥ സംഹാരതാണ്ഡവമാടുന്ന ഹാർട്ടറ്റാക്കിലേക്കു നയിക്കുന്നു.

നഗരവത്കരണം ഊർജസ്വലമായി മുന്നേറുന്നതോടെ സംഭവിക്കുന്ന രണ്ടു പ്രതിഭാസങ്ങളാണ് ഗതാഗതത്തിരക്കുകളും അന്തരീക്ഷമലിനീകരണവും. ലോകത്ത് ഏറ്റവും കൂടുതൽ വായുമലിനീകരണമുണ്ടായിരുന്ന ചൈന ആ വിപത്തിൽനിന്നു രക്ഷപ്പെട്ടത് വാഹനങ്ങൾ സിംഹഭാഗവും 'ഇലക്ട്രിക്' ആക്കിയതിലൂടെയാണ്. ലോകത്തിലെ 99 ശതമാനം ഇലക്ട്രിക് ബസുകളും ചൈനയിലാണ് ഓടുന്നത്. ഇന്ത്യപോലുള്ള രാജ്യങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ അവഗണിച്ചുകൊണ്ടു ധൃതഗതിയിലുള്ള നഗരവത്കരണം അന്തരീക്ഷസന്തുലിതാവസ്ഥയെ തകിടം മറിക്കുന്നു. മലിനീകരണംമൂലമുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സയ്ക്കായി ഇന്ത്യയുടെ മൊത്തം ആഭ്യന്തരവരുമാനത്തിന്റെ 8.5 ശതമാനം നഷ്ടമാകുന്നു. അതായത്, പ്രതിരോധബജറ്റിനായി ചെലവിടുന്നതിനേക്കാൾ കൂടുതൽ! തെറ്റുകൾ തിരുത്താൻ ഇനിയും സമയം വൈകിയിട്ടില്ല.

■



മാത്യു എം. കുര്യാക്കോസ്

# അണിചേരാം നമുക്ക് ഈ സ്നേഹച്ചങ്ങലയിൽ

മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള കൊലവിളികളും കൊലപാതകങ്ങളും കൂട്ട ആത്മഹത്യകളും നിരന്തരം കാണുകയും കേൾക്കുകയും ചെയ്യുന്ന ഒരു സമൂഹമായി കേരളം മാറിയിരിക്കുന്നു. ഓരോ സംഭവത്തിനുശേഷവും നിരവധി പ്രതികരണങ്ങളും ചർച്ചകളും ഉണ്ടാകും. ഹിംസാത്മകപ്രവർത്തനങ്ങളെ അപലപിച്ചും അതിനോടുള്ള ഖേദം പ്രകടിപ്പിച്ചും വ്യവസ്ഥിതിയെ കുറ്റപ്പെടുത്തിയും ചിലപ്പോൾ ചില നിർദേശങ്ങൾ മുന്നോട്ടുവച്ചും പതിവുപോലെ അവ അവസാനിക്കുകയും ചെയ്യും. വീണ്ടും അതിനെക്കാൾ ഭയാനകമായ സംഭവങ്ങൾ ആവർത്തിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും പിന്നീട് അത് മറക്കുകയും ചെയ്യും. ചർച്ചകൾക്കും പ്രതികരണങ്ങൾക്കുമപ്പുറം സമൂഹത്തിനാവശ്യം ക്രിയാത്മകമായ പ്രവർത്തനങ്ങളാണ്. കേരളസമൂഹത്തിനുവേണ്ടി മാത്രമല്ല, ലോകസമാധാനത്തിനുംകൂടിവേണ്ടി സാമ്പത്തികച്ചെലവ് ഒന്നും കൂടാതെ, ഓരോരുത്തർക്കും അവരായിരിക്കുന്ന ഇടങ്ങളിൽ പ്രാവർത്തികമാക്കാൻ പറ്റുന്ന ഒരു പ്രോജക്ടാണ് ലേഖകന്റെ മനസ്സിലുള്ളത്. വളരെ നിസ്സാരമെന്നു പറഞ്ഞോ, ഫലപ്രദമല്ല എന്നു കരുതിയോ പിന്തിരിയരുത്. ആർജവത്തോടെ നടപ്പിലാക്കാൻ ധൈര്യമുണ്ടോ എന്നാണ് അറിയേണ്ടത്.

COL (Chain Of Love - സ്നേഹച്ചങ്ങല) എന്നതാണീ പദ്ധതിയുടെ പേര്. ആശയത്തിന്റെ അടിസ്ഥാനം എന്തെന്ന് ആദ്യം പറയാം. നമ്മുടെ ചുറ്റുവട്ടങ്ങളിൽ പ്രയോഗിക്കപ്പെട്ടു വിജയിക്കുന്ന തന്ത്രമാണല്ലോ ഒരു നുണ നൂറാവൃത്തി പറഞ്ഞ് സത്യമായി അവതരിപ്പിക്കുകയെന്നത്. സത്യാനന്തരകാലം എന്നാണ് വർത്തമാനകാലജീവിതം ഇതിനെ വിശേഷിപ്പിക്കുന്നത്. ഒരു നുണ ആവർത്തിച്ചുപറഞ്ഞ് സത്യമായി അവതരിപ്പിക്കുന്നു. ഫലമോ, നാം ഇതു വിശ്വസിക്കുന്നു. ചരിത്രം ഇതിനെ ഗീബൽസിയൻ കുതന്ത്രം എന്ന് അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതേപോലെ നുണ പറഞ്ഞു വിജയിക്കാനുള്ള ഒരാഹ്വാനമല്ലിത്; മറിച്ച്, സത്യമായുള്ളവയെക്കുറിച്ച്, നന്മയായിട്ടുള്ളതിനെക്കുറിച്ച്, മൂല്യങ്ങളെക്കുറിച്ച് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുക. ഒന്നല്ല, രണ്ടല്ല, നൂറാവൃത്തി പറഞ്ഞുകൊണ്ടേയിരിക്കുക. വാക്കിനൊരു ശക്തിയുണ്ട്. വാക്കിനെക്കാൾ ഊക്കുള്ളൊരു വസ്തു ഭൂലോകത്തില്ല. നമ്മൾ മരിച്ചാലും നാം പറഞ്ഞ വാക്കുകൾ നിലനിൽക്കും. അത് അന്തരീക്ഷത്തിൽ ഉണ്ടാകും. കവി കടമ്മനിട്ട പറയുന്നതുപോലെ, നാലഞ്ച് നല്ല വാക്കുകൾ ഓതി ഓരോ ദിവസവും പിന്നിടണം. അതുകൊണ്ട് ഇന്ന് എല്ലാവരും എല്ലായിടങ്ങളിലും ഉണർവോടെ പറയേണ്ടത് ഇതാണ്: "ആരെയും തല്ലില്ല, കൊല്ലില്ല, ഉപദ്രവിക്കില്ല, മുറിവേല്പിക്കില്ല." അതു തിന്മയാണെന്ന്. മുന്നിലുള്ളത് ആരുമാകട്ടെ ഒരുവനെയും ഉപദ്രവിക്കരുതെന്ന്, ആരുടെയും മനസ്സിനെയും ശരീരത്തെയും മുറിവേല്പിക്കില്ലെന്ന്, അതു തെറ്റായ പ്രവൃത്തിയാണന്ന് നാം പറയാൻ തയ്യാറാകണം.

ഉദാഹരണത്തിന്, ഒരു കുടുംബത്തിൽ അപ്പനും അമ്മയും മക്കളും രാവിലെയും വൈകിട്ടും പരസ്പരം പറയുകയും ആവർത്തിക്കുകയും ചെയ്യട്ടെ, നുണ പറയുന്നതു തെറ്റാണ്, നാം അതു ചെയ്യരുത് എന്ന്. സത്യം മാത്രം പറയണം. അതാണു ശരിയെന്ന്. ഒരു പത്തിരുപതു ദിവസം നാം ഇത് ആവർത്തിച്ചാൽ കുടുംബത്തിൽമാത്രമല്ല ഈ കുടുംബത്തിലെ അംഗങ്ങൾ എവിടെയായിരുന്നാലും ഓഫീസിലായാലും സ്കൂളിലായാലും സ്നേഹിതരുടെ വലയത്തിനുള്ളിലായാലും അവർ സത്യമേ പറയൂ. നുണ പറയുന്നതു തെറ്റാണെന്ന ബോധ്യം അവരറിയാതെ ബോധമനസ്സിൽമാത്രമല്ല അവരുടെ ഉപബോധമനസ്സിലും അബോധമനസ്സിലും രൂപപ്പെടും. ഇതു പരിശീലിച്ചും പരീക്ഷിച്ചും ഉറപ്പുവരുത്താവുന്നതാണ്. ചൊട്ടയിലെ ശീലം ചുടലവരെ എന്നാണ് കാരണവന്മാർ ഇതിനെക്കുറിച്ചു പറയുന്നത്. പഴഞ്ചൊല്ലിൽ ഒന്നും പതിരില്ല എന്ന സത്യം മനസ്സിലാകും. ഇനി ഒരു ഓഫീസിലെ സ്റ്റാഫ് ഒന്നുചേർന്ന് എല്ലാദിവസവും രണ്ടുനേരം പറയട്ടെ, കൈക്കൂലി വാങ്ങുന്നതു തെറ്റാണ്, സാമൂഹിക തിന്മയാണ്, ഞാൻ ഇതു ചെയ്യില്ല, ഞങ്ങളിതു ചെയ്യില്ല എന്ന്. ഒരു മാസത്തിനകം അഴിമതിയും കൈക്കൂലിയും ഇല്ലാത്ത കേരളത്തിലെ ഓഫീസായി അതു മാറുമെന്നതിനു സംശയമില്ല. COL - സ്നേഹച്ചങ്ങല എന്ന പദ്ധതിയുടെ ആശയം ഇതാണ്. സ്നേഹച്ചങ്ങലയുടെ കണ്ണികളായി നമുക്കിന്നു പറഞ്ഞുതുടങ്ങാം. ഏതൊരാളിൽനിന്നും എത്ര പ്രകോപനമുണ്ടായാലും അവരെ ശാരീരികമായും മാനസികമായും ഉപദ്രവിക്കില്ല, മുറിപ്പെടുത്തില്ല എന്ന് ആവർത്തിച്ചുപറഞ്ഞുകൊണ്ടേയിരിക്കുക. ഇതാണു സമാധാനമന്ത്രം.

ആരെയും ശാരീരികമായും മാനസികമായും ഉപദ്രവിക്കില്ല എല്ലാവരെയും സ്നേഹിക്കും എന്ന് ആദ്യം കുഞ്ഞുങ്ങൾതന്നെ പറഞ്ഞുതുടങ്ങട്ടെ. കളരിയിലും പ്രൈമറിസ്കൂളിലും പറഞ്ഞുതുടങ്ങണം. ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളജ് തലങ്ങളിൽ ഇത് ആവർത്തിക്കണം. രാഷ്ട്രീയസംഘടനകളിൽ ഓരോരുത്തരും ഇതു പറഞ്ഞുതുടങ്ങട്ടെ. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പറയണം. നിയമസഭയിലും വാർത്താപ്രക്ഷേപണസംവിധാനങ്ങളിലും പറഞ്ഞുതുടങ്ങണം. ഭരണ




കേന്ദ്രങ്ങളിൽ, ജുഡീഷ്യറി സംവിധാനങ്ങളിൽ, തൊഴിലാളിപ്രസ്ഥാനങ്ങളിൽ, റസിഡൻസ് അസോസിയേഷനുകളിൽ, കുടുംബങ്ങളിൽ, കുടുംബസമ്മേളനങ്ങളിൽ, ഉത്സവക്കമ്മിറ്റികളിൽ, തെരുവുകളിൽ, കളിക്കളങ്ങളിൽ, പൊതുവിടങ്ങളിൽ, അമ്പലത്തിൽ, പള്ളിയിൽ, മോസ്കിൽ, സഭയിൽ, ആത്മീയകൂട്ടായ്മകളിൽ, എല്ലായിടങ്ങളിലും സമാധാനത്തിനുവേണ്ടിയിട്ടുള്ള ദൂത് അനസ്യൂതം വാക്കുകളാൽ ആവർത്തിക്കട്ടെ. അന്തരീക്ഷം സമാധാനസന്ദേശംകൊണ്ട് ഓരോ ദിവസവും മുഖരിതമാകട്ടെ. തിന്മകൾ ദേശത്തുനിന്നു പടിയിറങ്ങും. സംശയമില്ല. പക്ഷേ, നാം ഇതു പറഞ്ഞുതുടങ്ങണം. ആർജവത്തോടെ പറയാനുള്ള സത്യസന്ധത ഉണ്ടാകണം. ഇപ്പോൾ ഇതു വെറും സ്വപ്നംമാത്രം. ഇത് വാക്കായി മാറിയാൽ തീർച്ചയായും നമ്മുടെ പ്രവൃത്തികളിൽ നിഴലിക്കും

എങ്ങനെ നമുക്ക് ഈ ദൂത് ഹൃദയത്തിൽനിന്നു പറയാനാകും? അതിന് ഓർമകൾ ഉണ്ടാകണം. നഷ്ടപ്പെട്ടതിന്റെ, നഷ്ടപ്പെടുന്നതിന്റെ വേദനയുണ്ടാകണം. ഓരോ ജീവനും ഒരു മുഴം കയറിലോ, കത്തിമുനയിലോ, അവസാനിക്കുന്നതു കാണുമ്പോൾ നാം വേദനിക്കുന്നുണ്ട്. കല്ലുകൊണ്ടും ചുറ്റികകൊണ്ടും തല തല്ലിപ്പൊട്ടിക്കാൻ, അത് അമ്മയുടേതാണെങ്കിൽപ്പോലും മടിയില്ലാത്ത, അറപ്പില്ലാത്ത കുഞ്ഞുങ്ങൾ നമുക്കുചുറ്റും അശാന്തമായ മനസ്സോടെ കറങ്ങിനടപ്പുണ്ട് എന്ന ഭയപ്പെടുത്തുന്ന ഓർമകൾ ഇല്ലേ? മരണത്തിലേക്ക് ഒരു അമ്മ കൂട്ടിക്കൊണ്ടുപോയ ഓമനക്കുഞ്ഞുങ്ങളുടെ മായാത്ത മുഖം നെഞ്ചിൽ ഒരു നെരിപ്പോടായി അണയാതിരിപ്പില്ലേ? ഇതുമതി ഈ ദൂത് ഏറ്റുപറയാനുള്ള ധൈര്യം കിട്ടാൻ. മാനിഷാദ എന്ന് ഉറക്കപ്പറയുന്ന ഒരു തലമുറ ഇവിടെ ഉണ്ടാകണം. 'നിർത്തുക നാമീ രക്തംചൊരിയൽ; തീർക്കുക നാമിനി സ്നേഹച്ചങ്ങല' എന്ന് ആവേശത്തോടെ സർവം മറന്ന് പറയാൻ ആരുണ്ട് ഇവിടെ?

കൊലപാതകവും അക്രമവും മദ്യവും ലഹരിയും അഴിഞ്ഞാട്ടങ്ങളും ഒക്കെയായി വർത്തമാനകാലസിനിമകൾ യുവജനങ്ങൾക്ക് ആവേശമായി മാറുമ്പോൾ ജീവിതങ്ങളിലേക്കുംകൂടിയത് വല്ലാതെ ആവാഹിക്കപ്പെടുന്നുവെന്ന തിരിച്ചറിവുണ്ടാകണം. വഷളത്തരങ്ങൾകൊണ്ടും കലാപങ്ങൾകൊണ്ടും കലഹങ്ങൾകൊണ്ടും രക്തം ചൊരിയൽകൊണ്ടും സ്വയംഹത്യകൊണ്ടുമൊക്കെ പരിഹാരവും പ്രതികാരവും ചെയ്ത് ജീവിതത്തെ സംതൃപ്തമാക്കാമെന്നു വിചാരിക്കുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുമ്പോൾ, കുറെ നല്ല വിചാരങ്ങളും നല്ലനല്ല വർത്തമാനങ്ങളും സുന്ദരമായ കാഴ്ചകളുമായി നഷ്ടപ്പെട്ടുപോയ ചിരിയും പ്രകാശവും ജീവിതങ്ങളിലേക്കു തിരികെക്കൊണ്ടുവരാനുള്ള പ്രാർഥനാനിർഭരമായ കുറിപ്പാണിത്. സ്വീകരിക്കുക. മരണങ്ങളും കൊലപാതകങ്ങളും ആഘോഷിക്കപ്പെടുന്ന ഒരു നാടായി കേരളം മാറുമ്പോൾ, ജല്പനങ്ങളായി മാറുന്ന ചില പ്രതികരണങ്ങൾക്കുമപ്പുറം വ്യക്തതയാർന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകണം. നവോത്ഥാനശില്പികളും സാംസ്കാരിക നായകന്മാരും അപ്രത്യക്ഷമാകുകയോ അപ്രസക്തമാകുകയോ ചെയ്യുന്ന വർത്തമാനകാലസാമൂഹികസ്ഥിതിയിൽ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ഇനിയും ജ്ഞാനികൾ ആരും വരാനില്ല. നമ്മൾ ഉണർന്നെഴുന്നേൽക്കുക! ■

## നോമ്പുകാലചിന്തകൾ 2



ഫാ. ഡോ. ജോസഫ് അരിമറ്റത്ത്

വരണ്ടുണങ്ങിയ ഹൃദയനിലങ്ങളിലേക്കുള്ള ദൈവകൃപയുടെ മഴപ്പെയ്ത്തിനുള്ള ഒരുക്കമാണ് നോമ്പുകാലം. തീർഥാടകസഭയുടെ കരുതലിന്റെ മാതൃഭാവമാണ് നോമ്പുകാലം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. തീർഥാടനവഴിയിൽ ഇടറിയവർക്കും വഴിതെറ്റിയവർക്കും തിരിഞ്ഞുനോക്കാൻ ഉപേക്ഷിക്കലിന്റെയും അഗാധമായ ധ്യാനത്തിന്റെയും അവസരങ്ങൾ സഭ ഒരുക്കുകയാണ്. അങ്ങനെ, പാപക്കൂനകൾ ദൈവകൃപയുടെ കുത്തൊഴുക്കിൽ ഒലിച്ചകലുന്ന സഭയുടെ വസന്തകാലത്താണു നാമിപ്പോൾ. ദൈവത്താൽ നിരന്തരം നയിക്കപ്പെടാനുള്ള ആഗ്രഹത്തിന്റെ വീണ്ടെടുപ്പാണിത്. ഇവിടെ നടത്തുന്ന അന്വേഷണങ്ങളും കണ്ടെത്തലുകളും ഒരു വെട്ടിയൊരുക്കലിലേക്കു നമ്മെ നയിക്കുന്നു. പുണ്യത്തിൽനിന്നു പുണ്യത്തിലേക്കും കൃപയിൽനിന്നു കൃപയിലേക്കും നമ്മെ നയിക്കുന്ന ആത്മവിശുദ്ധിയുടെ വെട്ടിയൊരുക്കൽ. ഇവിടെ സഭ പാപത്തിന്റെ കുത്തൊഴുക്കിനെതിരേ ഒരു വലിയ മതിൽ പടുത്തുയർത്തുകയാണ്. ഉപവാസവും പ്രാർഥനയും അനുതാപവും അതിനായി സഭ കണ്ടെത്തിയ മാർഗങ്ങളാണ്. ദൈവമാർഗം കണ്ടെത്താൻ നാം ഓരോരുത്തരും അനുവർത്തിക്കേണ്ട ജീവിതശൈലിയാണിത്. ഏശയ്യാപ്രവചനം ഈ ജീവിതശൈലിയെ വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്: 'ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും അഴിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം' (ഏശ 58: 6). ഈ നോമ്പുകാലം ദൈവത്തോടുകൂടെ വസിച്ചു നമ്മുടെ തീർഥാടകയാത്ര ദുസ്സഹമാക്കുന്ന ദുഷ്ടതയുടെ കെട്ടുകളെ പൊട്ടിക്കാനുള്ള അവസരങ്ങളാക്കി മാറ്റാം.



*അന്തിനാട് ജോസ് എഴുതിയ 'വില്ലാർവട്ടം ക്രിസ്തീയരാജവംശം' എന്ന ചരിത്രനോവലിന് ന്യൂസ് കേരളം റ്റുഡേ ടി.വി. ചാനൽ (കൊച്ചി) നൽകിയ നോവൽ അവാർഡ് ഭരണങ്ങാനം മിഷൻലീഗ് മാതൃഭവനിൽ ചേർന്ന യോഗത്തിൽ ഡോ. ജെയിംസ് പുലിയുറുമ്പിലും ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും ചേർന്നു ഗ്രന്ഥകാരനു സമ്മാനിക്കുന്നു.*

ബാലനോവൽ 17


അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

എല്ലാവരും ആ കാഴ്ചകണ്ടു നടുങ്ങിപ്പോയി. കുന്നിറങ്ങി ചിന്നംവിളിച്ച് ഓടിയടുക്കുന്ന കൊലയാനകൾ. വാസ്തവത്തിൽ അതൊന്നും കാട്ടാനകളല്ലായിരുന്നു. തനി നാട്ടാനകൾ. നിരവധി പേരെ കൊന്നുകൊലവിളിച്ച ആനകളെ ആദിത്യപുരം രാജാവ് വീരസേനൻ ആനക്കൊട്ടിലുകളിൽ ശത്രുക്കളെ നേരിടാനായി വളർത്തിയിരുന്നു. അവയാണിപ്പോൾ പാഞ്ഞുവരുന്നത്.

അത്തരം ആനകളെ സംരക്ഷിക്കാൻ പ്രത്യേകപരിശീലനം സിദ്ധിച്ച പാപ്പാന്മാരുണ്ട്. ശത്രുക്കളെ കാണിച്ച ശേഷം ഒരു അടയാളം നൽകിയാൽ മതി ആ ആനകൾ ചാടിവീണ് നിലത്തടിച്ചു വധിക്കും. പിന്നെ ആകാശം നടുങ്ങുമാറുച്ചത്തിൽ കൊലവിളി നടത്തും.



"അതാ, ആനകൾ." കാർഫിയൂസ് കുന്നിൻമുകളിലേക്കു കൈചൂണ്ടി വിളിച്ചലറി.

എല്ലാ കണ്ണുകളും പരിഭ്രാന്തിയോടെ ആ ഭാഗത്തേക്കു തിരിഞ്ഞു.

നാലു കൂറ്റൻ കൊലയാനകൾ!

"ഇതു ദേവദത്തൻ പറഞ്ഞുവിട്ടതാണ്."

അഡോക്കിയാസ് അലറിപ്പറഞ്ഞു.

"ഇനി നാം എന്തു ചെയ്യും?" കാർഫിയൂസ് വല്ലാതെ ഭയന്നു. ഒപ്പം ഭടന്മാരും.

"എല്ലാവരും ഏതെങ്കിലും മരത്തിൽ കയറി രക്ഷപ്പെടണം." സോയൂസ് വിളിച്ചലറി. എല്ലാവരും ഓരോ മരങ്ങളിൽ അള്ളിപ്പിടിച്ചു കയറി. എന്നാൽ, കാർഫിയൂസിന് ഒരിക്കലും മരംകയറാൻ കഴിഞ്ഞില്ല. രാജകൊട്ടാരത്തിൽ കഴിഞ്ഞ രാജകുമാരന് എങ്ങനെ മരംകയറാൻ കഴിയും? കാർഫിയൂസ് വേഗം ഓടിച്ചെന്ന് ഒരു ഗുഹയ്ക്കുള്ളിലേക്കു കയറി പതിയിരുന്നു.

കൊലയാനകൾ എത്തി ചുറ്റും നോക്കി. ആരെയും കാണുന്നില്ല! പിന്നെ മരത്തിനു മുകളിലേക്കു നോക്കി അത്യുച്ചത്തിൽ ചിന്നംവിളിച്ചു. അങ്ങനെ നിൽക്കേ, ഒരു കൊലയാന ഗുഹയ്ക്കുള്ളിലിരിക്കുന്ന കാർഫിയൂസിനെ കണ്ടു. അതു വേഗം ഗുഹയെ ലക്ഷ്യമാക്കി നീങ്ങിയതും മരത്തിനു മുകളിലിരുന്ന മേഘനാദൻ ഒരമ്പ് എയ്തതും ഒന്നിച്ചു കഴിഞ്ഞു. അതു കൃത്യം ആനയുടെ തലയിൽത്തന്നെ കൊണ്ടു. അമ്പു തലയിൽ തുളഞ്ഞുകയറി ആന അലറിക്കൊണ്ടു തിരിഞ്ഞോടി. അതുകണ്ട മറ്റ് ആനകളും പിന്നാലെ ഓടി.

ആനകൾ കുന്നിറങ്ങി ആദിത്യപുരത്തേക്ക് ഓടി.

എല്ലാവരും മരത്തിൽനിന്നിറങ്ങി.

കാർഫിയൂസ് മെല്ലെ ഗുഹയിൽനിന്നു പുറത്തിറങ്ങി. നേരേ നടന്ന് തന്റെ പിതാവിന്റെ കുഴിമാടത്തിനു മുമ്പിലെത്തി.

അപ്പോൾ കുമാരന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

''പിതാവേ, അങ്ങയുടെ ആത്മാവിനോട് ഈ മകൻ പ്രാർഥിക്കുകയാണ്. എന്റെ സിംഹാസനം അവിടുത്തെ ഇളയ മകൻ തട്ടിയെടുക്കുകയാണ്. ആ സിംഹാസനം എനിക്ക് അങ്ങു തരില്ലേ? അങ്ങയെ സ്നേഹിക്കുന്ന മകൻ ഞാനല്ലേ?"

ആ കരിങ്കൽ കല്ലറയിൽ മുഖമമർത്തി കാർഫിയൂസ് പൊട്ടിക്കരഞ്ഞു.

ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു അവസ്ഥ. എങ്കിലും ഒരേ അമ്മ പ്രസവിച്ച അനുജൻ തന്നോടിങ്ങനെ ചെയ്യുമെന്നു കരുതിയിരുന്നില്ല.

കാർഫിയൂസിന്റെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു. കാർഫിയൂസ് എല്ലാം ഓർക്കുകയായിരുന്നു. അനുജനെ താൻ ജീവനുതുല്യം സ്നേഹിച്ചിരുന്നു. അവനു സിംഹാസനം വേണമെങ്കിൽ നൽകാമായിരുന്നു. അതിനുവേണ്ടി ഒരിക്കലും തന്റെ പിതാവിനെ സർപ്പത്തെക്കൊണ്ട് വധിപ്പിക്കേണ്ടിയിരുന്നില്ല.

ഇത്ര വലിയൊരു കൊടുംചതി സ്വന്തം സഹോദരനിൽനിന്നു പ്രതീക്ഷിച്ചിരുന്നില്ല. അതറിഞ്ഞ നിമിഷം കാർഫിയൂസ് ശാരീരികമായും മാനസികമായും വല്ലാതെ തളർന്നിരുന്നു.

കാർഫിയൂസ് ശവക്കല്ലറയിൽ തല ചായ്ച്ചിരുന്ന് ഉച്ചത്തിൽ നിലവിളിച്ചു. ആ കരച്ചിൽ കേട്ട് എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞുതുളുമ്പി. കാർഫിയൂസിന്റെ കണ്ണീർ കാണാൻ ആർക്കും കരുത്തില്ലായിരുന്നു. സോയൂസ് മെല്ലെ കുമാരന്റെ സമീപത്തു ചെന്നു. അദ്ദേഹം കുമാരനെ പിടിച്ചെഴുന്നേല്പിച്ചു.

"കുമാരാ, അങ്ങ് ഒരിക്കലും വ്യസനിക്കരുത്. സ്വന്തം സഹോദരന്റെ കൊടുംചതിയിൽ അവിടുന്ന് ആകെ തകർന്നിരിക്കുകയാണെന്ന് ഞങ്ങൾക്കറിയാം."

സോയൂസ് അല്പം നിറുത്തി.

"എല്ലാം തിരിച്ചുകിട്ടാൻ അവിടുന്ന് ദൈവത്തോട് കേണപേക്ഷിക്കുക. നമുക്ക് എല്ലാവർക്കും കൂടി സത്യത്തിനും നീതിക്കും വേണ്ടി പോരാടണം. എല്ലാം തിരിച്ചുപിടിക്കണം. അനീതിക്കു കൂട്ടുനിന്നവർക്കെല്ലാം കനത്ത ശിക്ഷ നൽകണം. അങ്ങു കരയുന്നതു കാണാൻ ഞങ്ങൾക്കു കരുത്തില്ല. കരച്ചിൽ നിർത്തൂ കുമാരാ..."

കാർഫിയൂസ് മെല്ലെ തലയുയർത്തി:

അവന്റെ കണ്ണുകൾ അപ്പോഴും നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു.

"എല്ലാം നാം വെട്ടിപ്പിടിക്കും കുമാരാ. സമാധാനമായിരിക്കൂ."

പിറ്റേന്നു രാവിലെ എല്ലാവിധ ആയുധങ്ങളോടുംകൂടി കാർഫിയൂസിന്റെ നേതൃത്വത്തിൽ കുന്നിൻമുകളിലെത്തി. തിരുമാലിയിലെ മഹേന്ദ്രരാജാവ് കാർഫിയൂസിനുവേണ്ടി ധാരാളം ആയുധങ്ങളും കുറെ പടയാളികളെയും നൽകി.

എല്ലാവരും ആദിത്യപുരം രാജ്യത്തിന്റെ അതിർത്തിയിലെത്തി. അകലെക്കണ്ട കാഴ്ച അക്ഷരാർഥത്തിൽ സകലരെയും ഞെട്ടിച്ചുകളഞ്ഞു.

(തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# സർപ്പലത

വെറ്റിലക്കൊടിക്ക്, താംബൂലവല്ലി(താംബൂലവള്ളി) സർപ്പലത എന്നിങ്ങനെ പര്യായങ്ങളുണ്ട്. താംബൂലി മുറുക്കാൻ കൊടുക്കുന്നവനുമാകാം. മുറുക്കാൻ കൊടുക്കുന്നവനെയും മുറുക്കാൻ വിൽക്കുന്നവരെയും താംബൂലികൻ എന്നു വിശേഷിപ്പിക്കുന്നു. ഗന്ധർവക്ഷേത്രം (1972) എന്ന സിനിമയ്ക്കുവേണ്ടി വയലാർ രാമവർമ എഴുതിയ 'ഇന്ദ്രവല്ലരി പൂ ചൂടി വരും' എന്നു തുടങ്ങുന്ന ഗാനത്തിന്റെ ചരണത്തിൽ ഉണരുമീ സർപ്പലതാസദനം ഒരു നിമിഷംകൊണ്ടൊരു മഥുര (ഉത്തരഭാരതത്തിലെ നഗരം)യാക്കൂ എന്നൊരു പ്രയോഗമുണ്ട്. വെറ്റിലക്കൊടിയുടെ പര്യായങ്ങളിൽ സർപ്പലത എന്ന സമസ്തപദമാണ് വയലാർ സന്ദർഭനിഷ്ഠമായി പ്രയോഗിച്ചത്.

സർപ്പം, ലത എന്നീ പദങ്ങളെ സമാസിച്ചുണ്ടാക്കിയ രൂപമാണ് സർപ്പലത. പൂർവപദമായ സർപ്പത്തെ സൃപ് (ഇഴയുക) ധാതുവിൽനിന്നു നിഷ്പാദിപ്പിക്കാം. 'സർപതി ഇതി സർവഃ'* (ഇഴയുകയാൽ സർപ്പം) എന്നു നിരുക്തി. താഴെപ്പടരുന്നതോ മുകളിലേക്കു പടർന്നുകയറുന്നതോ ആയ വള്ളിച്ചെടിയാണു ലത. സർപ്പം+ലത= സർപ്പലത. അനുസ്വാരലോപമാണ് സന്ധിയുടെ യുക്തി.

പാമ്പിന്റെ വിടർത്തിയ പത്തിപോലെ ഇലകൾ നിൽക്കുന്നതുകൊണ്ടോ പാമ്പിനെപ്പോലെ ഇഴഞ്ഞുനീങ്ങി വളരുന്നതുകൊണ്ടോ ആകാം വെറ്റിലക്കൊടിക്ക് സർപ്പലത എന്ന പേരുവന്നത്. ഇതേക്കുറിച്ച് കെ.സി. നാരായണൻ ഇങ്ങനെ നിരീക്ഷിക്കുന്നു: ''പാമ്പിന്റെ വിടർത്തിയ പത്തിപോലെയാണ് വെറ്റിലവള്ളിയിൽ ഇലകൾ നിൽക്കുന്നത് എന്നതുകൊണ്ടാവാം അതിന് സർപ്പലത എന്ന പേരുവന്നത്. സർപ്പലതയുടെ വള്ളികൾ പിണഞ്ഞുണ്ടാവുന്ന കുടിലാണ് സർപ്പലതാസദനം... വെറ്റിലവള്ളികൾ പിണഞ്ഞുണ്ടാക്കിയ ഈ കുടിൽ ഒരു നിമിഷംകൊണ്ട് ഒരു മഥുരാപുരിയാക്കൂ എന്നാണ് കാമുകിയുടെ അപേക്ഷ"*

ഇന്ദ്രവല്ലരി = ചെറിയ കാട്ടുവെള്ളരി. സദനം = സീദന്തി അത്ര ഇതി സദനം (ദാനുജി ദീക്ഷിതർ) ആളുകൾ ഇവിടെ വസിക്കുന്നതുകൊണ്ട് സദനം.

* രാജഗോപാൽ, എൻ.കെ. സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം – 230.

** നാരായണൻ കെ.സി., അക്ഷരംപ്രതി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2024 നവംബർ, 17, ലക്കം 35, പുറം – 93.

കവിത

അശോകൻ പുത്തൂർ

# നിലാവ് കുടഞ്ഞിട്ട ഓർമകളുടെ തുള്ളികൾ

ഒരു നിലാത്തുള്ളിയിൽ രാവ്
നമ്മെ വരയ്ക്കുന്നപോലെ
ഒരു മഞ്ഞുതുള്ളിയിൽ സ്നേഹം
നമ്മെ ചേർത്തണയ്ക്കുന്നപോലെ

വെയിൽ ചായും മൂവന്തിയോരം
മുകിലെഴുതും മഴവില്ലുപോലെ
മറവിതൻ കടലിൽനിന്നേതോ
മൊഴിപ്പിറാചിറകടി കേൾപ്പൂ

ഓർമകൾ പൂക്കുന്നകാലം നമ്മൾ
ഓർക്കാതിരിക്കുകിൽ കഷ്ടം
എത്രയോ കാലങ്ങളായി നമ്മൾ
മറവിയിൽ മൂടിക്കിടന്നോർ

അഴലിന്റെ പാടങ്ങളെല്ലാം
കൊയ്ത്തുകഴിഞ്ഞൊരു കാലം
മൂവന്തി ചായുന്നു ദൂരെ
ജീവിതക്കുന്നിനു താഴെ

മാനത്തെ മുത്തുകൾപോലെ
നെഞ്ചിലെ മുറിവുകൾ പൂക്കും
അന്നോർത്തു പാടും ഞാൻ നിന്റെ
പാട്ടും കവിതയും കൂട്ടും!




**മാർച്ച് 23**
**നോമ്പുകാലം**
**നാലാം ഞായർ**

**ഉത്പ 11:1 – 9**
**ജോഷ്വ 7:10 – 15**
**റോമാ 8:12 – 17**
**മത്താ 21:33 – 44**

# ദൈവസ്നേഹത്തിന്റെ അണമുറിയാത്ത പ്രവാഹം



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**



**നോ**മ്പുകാലത്തിന്റെ ചൈതന്യത്തിലൂടെ കടന്നുപോകുമ്പോൾ ദൈവത്തിന്റെ കരുണയെയും നീതിയെയുംകുറിച്ചു ധ്യാനിക്കാൻ നമ്മെ സഹായിക്കുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങളാണ് നാലാം ഞായറാഴ്ച വിശുദ്ധകുർബാനമധ്യേ പ്രഘോഷിക്കുന്നത്.

ഉത്പത്തിപ്പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ പ്രഘോഷണത്തിൽ ശ്രവിക്കുന്നത് ബാബേൽഗോപുരത്തിന്റെ തകർച്ചയെക്കുറിച്ചുള്ള വിവരണമാണ്. ദൈവത്തെക്കൂടാതെ നിർമിച്ച ഗോപുരം തകർക്കപ്പെടുന്നു. ഉത്പത്തിപ്പുസ്തകം മൂന്നുമുതൽ പതിനൊന്നുവരെയുള്ള അധ്യായങ്ങളിൽ നാലു സംഭവങ്ങളാണ് വിവരിക്കുന്നത്. ആദിമാതാപിതാക്കളുടെ പാപം (അധ്യായം 3), കായേന്റെ കൊലപാതകം (അധ്യായം 4), വെള്ളപ്പൊക്കത്തിന്റെ വിവരണം (6–9 അധ്യായങ്ങൾ) ബാബേൽഗോപുരം (11). ഈ നാലു വിവരണങ്ങൾക്കിടയിലും വംശാവലി അഥവാ പുതിയ തലമുറകൾ ഉണ്ടാകുന്നതു വിവരിക്കുന്നുണ്ട് (4,1;4,17–5, 32;9, 18–10,32;11,10–32). മനുഷ്യകുലം മുന്നോട്ടുപോകുന്നതനുസരിച്ച് ദൈവ-മനുഷ്യബന്ധം എപ്രകാരമായിരുന്നുവെന്നു പഠിപ്പിക്കുകയാണ് ഈ വിവരണങ്ങളുടെയെല്ലാം ലക്ഷ്യം. നാലു സംഭവങ്ങളിലൂടെയും വിവരിക്കുന്നത് ഒരേ ആശയങ്ങളാണ്. അതായത്, മനുഷ്യന്റെ പാപം, പാപിയെ തേടിവരുന്ന ദൈവം അവനുമായി സംഭാഷണത്തിലേർപ്പെടുന്നു, തെറ്റിനു ശിക്ഷ നല്കുന്നു, ശിക്ഷ മനുഷ്യനെ അനുതാപത്തിലേക്കു നയിക്കുന്നു. കരുണകാണിക്കുന്ന ദൈവം മനുഷ്യകുലത്തെ മുമ്പോട്ടുനയിക്കുന്നു. ബാബേൽ ഗോപുരത്തിന്റെ വിവരണത്തിലും ഇതേകാര്യമാണ് അവതരിപ്പിക്കുന്നത്. ദൈവത്തെ മറന്നു ജീവിക്കുന്ന മനുഷ്യർ ദൈവത്തെക്കൂടാതെ വലിയ ഗോപുരം പണിയുന്നു. ദൈവനിഷേധികളായ മനുഷ്യരെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ദൈവം ഇറങ്ങിവന്ന് അവരുടെ തെറ്റിനു ശിക്ഷകൊടുത്ത് അവരെ ചിതറിക്കുന്നു. എന്നാൽ, ചിതറിക്കപ്പെട്ട ജനതയിൽനിന്ന് അബ്രാഹത്തെ വിളിച്ചുകൊണ്ട് രക്ഷാപദ്ധതി മുന്നോട്ടുപോകുന്നു.

ജോഷ്വായുടെ പുസ്തകത്തിൽനിന്നുള്ള രണ്ടാം പ്രഘോഷണത്തിലും ഇസ്രായേൽ തങ്ങളുടെ ഇടയിൽ നിഷിദ്ധവസ്തുക്കൾ സൂക്ഷിച്ചു പാപം ചെയ്പ്പോൾ അവർക്കു പരാജയങ്ങൾ നല്കി അവരെ ശിക്ഷിക്കുന്നതും കർത്താവിന്റെ പക്കൽ നിലവിളിച്ചപേക്ഷിച്ചപ്പോൾ കർത്താവ് പ്രത്യക്ഷപ്പെടുന്നതും നാം വായിക്കുന്നു. തിന്മയുടെ വസ്തുക്കൾ അവരുടെ പക്കൽനിന്നു നീക്കം ചെയ്ത് ജനത്തെ വിശുദ്ധീകരിക്കാൻ കർത്താവ് ജോഷ്വായോട് ആവശ്യപ്പെടുന്നു. കാരണം, അവർ ഉടമ്പടി ലംഘിച്ച് മ്ലേച്ഛത പ്രവർത്തിച്ചിരിക്കുന്നു. തിന്മചെയ്യുമ്പോൾ ഇടപെടുകയും അവരെ തിരുത്തുകയും കാരുണ്യപൂർവം ക്ഷമിക്കുകയും ചെയ്യുന്ന കർത്താവിനെയാണ് ഇവിടെയും ദർശിക്കുന്നത്.

പൗലോസ്ശ്ലീഹാ റോമായിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ പ്രബോധിപ്പിക്കുന്നതും ജഡത്തിന്റെ പ്രലോഭനങ്ങളെ ആത്മാവിന്റെ ശക്തികൊണ്ടു നിഹനിച്ച് വിശുദ്ധിയിൽ വ്യാപരിക്കുവാനാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കളുടെ സ്ഥാനത്താണ്; ഈശോമിശിഹായിൽ ദത്തുപുത്രരാണ്. ദൈവത്തെ പിതാവേ എന്നു വിളിക്കാൻ അവിടുന്ന് നമ്മെ യോഗ്യരാക്കുന്നു. ആദിയിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവമക്കളുടെ സ്ഥാനത്താണു സൃഷ്ടിക്കപ്പെട്ടിരുന്നത്. മക്കൾക്കാണല്ലോ പിതാവിന്റെ ഛായയും സാദൃശ്യവുമുള്ളത്. പാപം ചെയ്ത് മനുഷ്യൻ ദൈവമക്കളുടെ സ്ഥാനം നഷ്ടപ്പെടുത്തി. മനുഷ്യനായി അവതരിച്ച ഈശോമിശിഹായിലൂടെ അത് വീണ്ടെടുത്തു. അപ്രകാരം മിശിഹായിൽ നാം ദത്തുപുത്രന്മാരായിരിക്കുന്നു എന്നകാര്യം ശ്ലീഹാ ഓർമിപ്പിക്കുന്നു.

സുവിശേഷത്തിൽനിന്നു നാം ശ്രവിച്ച ഉപമയിൽ സകല സജ്ജീകരണങ്ങളോടുംകൂടെ നിർമിച്ച ഫലം നല്കുന്ന മുന്തിരിത്തോട്ടം ഉടമസ്ഥൻ പാട്ടക്കാരായ കൃഷിക്കാരെ ഏല്പിക്കുകയാണ് - അതു സംരക്ഷിച്ച് തനിക്കുള്ള വിഹിതം യഥാസമയം നല്കണമെന്ന വ്യവസ്ഥയിൽ. മുന്തിരിത്തോട്ടം ദൈവജനമായ ഇസ്രയേലും, ഉടമസ്ഥൻ ദൈവവും കൃഷിക്കാർ ജനനേതാക്കളുമാണ്. ഏശയ്യാപ്രവാചകന്റെ പുസ്തകം അഞ്ചാം അധ്യായത്തിൽ ദൈവം നട്ടുപിടിപ്പിച്ച അവിടുത്തെ മുന്തിരിത്തോട്ടമാണ് ഇസ്രായേൽ. വിളവെടുപ്പിന്റെ സമയത്ത് തനിക്ക് അവകാശപ്പെട്ടതു വാങ്ങാൻ തന്റെ ഭൃത്യരെ അയയ്ക്കുകയാണ് ഉടമസ്ഥൻ. പക്ഷേ, കൃഷിക്കാർ അവരെ മർദിക്കുകയും കൊല്ലുകയും ചെയ്യുന്നു. ദൈവജനമായ ഇസ്രായേലിനുവേണ്ടി ദൈവം അയച്ച പ്രവാചകന്മാരെ ജനനേതാക്കളും ഭരണാധികാരികളും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. യജമാനൻ തന്റെ സ്നേഹഭാജനമായ പ്രിയപുത്രനെ അവരുടെ പക്കലേക്ക് അയയ്ക്കുന്നു. ദൈവപുത്രനായ ഈശോയെ കാലത്തിന്റെ തികവിൽ ദൈവം അയച്ചതിനെ ഇവിടെ വിവക്ഷിക്കുന്നു. എന്നാൽ, ഉടമസ്ഥനുള്ളതു കൊടുക്കാതെ പുത്രനെ വധിക്കുന്നത് ഈശോയോടു പുരോഹിതപ്രമാണികളും ജനനേതാക്കളും ചെയ്തതു സൂചിപ്പിക്കുന്നു.

ഈശോ സങ്കീർത്തനം 118: 22–23 ഉദ്ധരിച്ചുകൊണ്ട് ദൈവികപദ്ധതിയിൽ തനിക്കും തന്റെ എതിരാളികൾക്കും എന്താണു സംഭവിക്കാൻ പോകുന്നതെന്നു പ്രസ്താവിച്ചിരിക്കുന്നു. യഹൂദരാൽ തിരസ്കൃതനായ അവിടുന്ന് ദൈവഭവനത്തിന്റെ, സഭയുടെ മൂലക്കല്ലായിത്തീരുന്നു. എന്നാൽ, അവിടുത്തെ തിരസ്കരിച്ചവരുടെമേൽ ദൈവവിധി വരും എന്ന മുന്നറിയിപ്പ് ഇവിടെ നല്കുന്നു. അതായത്, തങ്ങളുടെ ജീവിതത്തിലൂടെ തക്കതായ ഫലം നല്കാത്തവർക്ക് ദൈവരാജ്യമാകുന്ന മുന്തിരിത്തോട്ടം നഷ്ടമാകുമെന്ന മുന്നറിയിപ്പും ഇവിടെയുണ്ട്.

തന്റെ ജനത്തിനു രക്ഷ നല്കാൻ ജീവനു തുല്യം താൻ സ്നേഹിക്കുന്ന തന്റെ ഏകപുത്രനെപ്പോലും ബലി കൊടുക്കാൻ ദൈവം തയ്യാറാകുന്നു. സ്വന്തജനത്തിന്റെ ശത്രുതയെ തന്റെ ഔദാര്യപൂർണമായ ത്യാഗംകൊണ്ട് ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന ദൈവം, ദുഷ്ടരുടെയും ശിഷ്ടരുടെയുമേൽ തരഭേദം കൂടാതെ നിരന്തരം നന്മ വർഷിക്കുന്ന ദൈവം, തന്റെ ഏകജാതൻ ക്രൂശിലേറ്റപ്പെടുന്ന അത്യന്തം ക്രൂരമായ നിമിഷത്തിലും നിരുപാധികസ്നേഹത്തിന്റെ ശാന്തിമന്ത്രം തന്റെ പുത്രന്റെ അധരങ്ങളിലൂടെ പൊഴിക്കുന്നു: പിതാവേ, ഇവർ എന്താണു ചെയ്യുന്നതെന്ന് ഇവരറിയുന്നില്ല; ഇവരോടു ക്ഷമിക്കണമേ (ലൂക്കാ 23:34). ഈ വലിയ സ്നേഹത്തിന്റെ അണമുറിയാത്ത പ്രവാഹം പുതിയ ഇസ്രായേലായ നമ്മിലേക്കും നിർബാധം കടന്നുവരുന്നു. ഇന്നത്തെ സുവിശേഷം രണ്ടു വ്യക്തിത്വങ്ങളെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഒന്ന്, ഔദാര്യത്തിന്റെ മൂർത്തീഭാവമായ തോട്ടമുടമസ്ഥൻ. രണ്ട്, ഔദാര്യത്തെ ആട്ടിപ്പായിക്കുന്ന പാട്ടക്കാരൻ. ഈ രണ്ടു ഭാവങ്ങൾക്കിടയിൽ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന് ഇന്നത്തെ സുവിശേഷം ആഹ്വാനം നല്കുന്നു.

അനാദിയിലേ ദൈവം സ്ഥാപിച്ച മുന്തിരിത്തോട്ടമായിരുന്നു ഈ പ്രപഞ്ചം. അതാണ് ഏദനിലെ തോട്ടം പ്രതിനിധാനം ചെയ്യുന്നത്. അതിന്റെ സംരക്ഷണത്തിനായി ദൈവം മനുഷ്യകുലത്തെ മക്കളുടെ സ്ഥാനത്തു സൃഷ്ടിച്ച് തോട്ടത്തിലാക്കി. തോട്ടം സംരക്ഷിക്കുകയും അവിടെ ശുശ്രൂഷ ചെയ്യുകയുമായിരുന്നു മനുഷ്യന്റെ ദൗത്യം (ഉത്പ. 2:15). മനുഷ്യകുലം പാപം ചെയ്ത് ആ സ്ഥാനം, മക്കളുടെ സ്ഥാനം നഷ്ടപ്പെടുത്തി. മനുഷ്യകുലത്തിൽനിന്നു ദൈവം ഒരു ജനതയെ തിരഞ്ഞെടുത്ത് അവരെ താൻ രൂപപ്പെടുത്തിയ പ്രത്യേക തോട്ടത്തിലാക്കി. ആ ജനതയാണ് ഇസ്രയേൽ; അവർക്കു നല്കിയ തോട്ടമായിരുന്നു വാഗ്ദത്തനാട്. അവരിലൂടെ ദൈവം തന്റെ രക്ഷകരപദ്ധതി നിറവേറ്റുന്നതിനു പ്രവാചകരെയും പ്രബോധകരെയും നല്കി. അവരെയെല്ലാം അവർ തിരസ്കരിച്ചു. അവസാനം അവിടുന്ന് സ്വന്തം പുത്രനെ അയച്ചു. അവനെയും അവർ പുറത്തുകൊണ്ടുപോയി കൊന്നു. അതാണ് മിശിഹായുടെ പീഡാസഹനവും കുരിശുമരണവും. ദൈവം മരണത്തിൽനിന്നു മിശിഹായെ ഉയിർപ്പിച്ചു. ഉത്ഥിതനായ മിശിഹാ മൂലക്കല്ലായിത്തീർന്നുകൊണ്ട് പുതിയൊരു ഇസ്രായേലിനെ രൂപപ്പെടുത്തി. അതാണ് ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ തിരുസ്സഭ. സുവിശേഷത്തിൽനിന്നു ശ്രവിച്ച ഉപമയുടെ സംഗ്രഹവും ഇതുതന്നെയാണ്. മനുഷ്യകുലത്തോടു കരുണയോടെയും നീതിപൂർവകവും പ്രവർത്തിക്കുന്ന ദൈവത്തിന്റെ രൂപമാണ് ഇവിടെയും ദർശിക്കുന്നത്.

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**മോനിപ്പള്ളി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**മോനിപ്പള്ളി**

അതിജീവനത്തിന്റെ സ്ത്രീമുഖങ്ങൾ



നിഷ ആന്റണി

# വേനൽവിരുന്നുകൾ

വേനലിലെ ഒരു വനിതാദിനവും കൂടി കഴിഞ്ഞിരിക്കുന്നു. അവളെ പരിചയപ്പെട്ടതിനു ശേഷമുള്ള എല്ലാ പെൺമയാഘോഷങ്ങളിലും ഒരു ദേശാടനപ്പക്ഷി പോലെ അവൾ എന്റെ ഉള്ളിലേക്കു ചിറകടിച്ചെത്തും. കഴിഞ്ഞയാഴ്ച താമരശ്ശേരിയിലെ ഒരു സ്ഥാപനത്തിൽനിന്നു വനിതാദിനത്തിൽ ഞങ്ങളോടൊന്ന് സംസാരിക്കാൻ വരുമോ ടീച്ചറെ? എന്ന് ഒരു മധുരസ്വരം ചോദിച്ചപ്പോഴും ഉത്തരമെന്നപോലെ ഒരു നിമിഷാർദ്ധംകൊണ്ട് അവളെന്റെ ഉള്ളിലേക്ക് സൂര്യവെളിച്ചത്തെക്കാൾ വേഗമെത്തി. പറയാതെ വയ്യ. ആ പ്രഭയോടെ തന്നെ.

രണ്ടായിരത്തിയഞ്ച് തിരുവമ്പാടിയിലെ ഒരു മാർച്ചു മാസം. അന്ന് സൂര്യൻ ഭൂമിയെ ഇത്രയധികം പൊള്ളിച്ചിരുന്നില്ല. നാട്ടുപഴങ്ങളുടെ മണവും തുമ്പനീച്ചയും പറമ്പിലൂടെ പാറിക്കളിക്കുന്ന സമയത്താണ് എന്റെ അനിയത്തിയോടൊപ്പം അവളും വീട്ടിലേക്കു കടന്നുവന്നത്. ബാംഗ്ലൂരിലെ അവരുടെ ഹോസ്റ്റൽ, ഫുഡ്പോയിസൺ കാരണം നീണ്ട പത്തു ദിവസത്തേക്ക് അടച്ചുപൂട്ടിയിരുന്നു. ഒരു രാത്രിയാത്രയുടെ ക്ഷീണം മുഴുവൻ വിളമ്പിയ കണ്ണുകളെ നോക്കി ഞാൻ അവളോടു പേരു ചോദിച്ചു:

ജെംസി.


പേരിന്റെ പുതുമയിൽ ഞാനൊന്നു പുഞ്ചിരിച്ചു.

കുളിക്കും ഭക്ഷണത്തിനും ശേഷം അവൾ ഉറക്കത്തിലേക്കു കയറിയപ്പോ അനിയത്തി അടുത്തു വന്നു പറഞ്ഞു. "നീ ജെംസിയോട് കൂടുതലൊന്നും ചോദിച്ചേക്കല്ല്. അവൾക്ക് അപ്പനുമമ്മയും ഒന്നുമില്ല. വല്യമ്മച്ചി മാത്രേയുള്ളൂ. അവൾടെ ഇടവകക്കാരാ അവളെ പഠിപ്പിക്കുന്നെ." ഇതു കേട്ട് കണ്ണു മിഴിഞ്ഞെങ്കിലും ജെംസിയോടോ, അനിയത്തിയോടോ ഞാനൊന്നും തന്നെ ചോദിച്ചില്ല. പക്ഷേ, ഉറക്കമെണീറ്റപ്പോ മുതൽ ഞാൻ അവളെ 'എന്റെ രത്നമേ' എന്ന് തന്നെ വിളിച്ചുകൊണ്ടിരുന്നു. പ്രസവശേഷമുള്ള ഹോർമോൺവ്യതിയാനത്തിന്റെ കയറ്റിറക്കങ്ങളിൽ പെട്ട് ഞാനുലഞ്ഞു വലഞ്ഞുകൊണ്ടിരുന്ന സമയമായതുകൊണ്ടു കൂടി ഞാനവളെ എന്തിനൊക്കെയോ എന്നോടുതന്നെ ചേർത്ത് വച്ചു. കുഞ്ഞിന് മുല കൊടുക്കുമ്പോൾ, അവളെ കുളിപ്പിക്കുമ്പോൾ, താരാട്ടു പാടി ഉറക്കുമ്പോളൊക്കെ ജെംസി എന്റെ ഓരം പറ്റി നടന്നു. പത്തു രാപകലുകൾ എന്റെ ചോരയിൽ പിറന്നവളേക്കാളുമധികം ജെംസി എന്നോടൊട്ടി. തിരികെപ്പോകുമ്പോൾ എന്റെ രത്നമേ എന്നുപറഞ്ഞ് ഞാനവളെ ഉമ്മ വച്ചു. പറമ്പില് കൈത വെട്ടാൻ വരുന്ന പരുന്തിയെക്കൊണ്ട് ഞാൻ കൈതച്ചക്ക ഹൽവയും, ഏത്തപ്പഴം ജാമും അവൾക്കു മാത്രമായി ഉണ്ടാക്കിച്ചു.

അന്ന് മൊബൈൽസഹോദരങ്ങൾ അത്രയേറെ പ്രചാരമാവാത്ത കാരണം അനിയത്തിയോടു ഫോണിൽ മിണ്ടുമ്പോൾ മാത്രം ഞാൻ അവളോടും മിണ്ടി. ഏതാണ്ട് രണ്ടുമാസത്തെ ഐ.ഇ.എൽ.ടി.എസ് ക്ലാസിനു ശേഷം അവധിക്കാലമായി. ഇപ്രാവശ്യത്തെ അവധിക്ക് അനിയത്തി തനിച്ചാണു വന്നത്. ജെംസി നാട്ടിലേക്കുപോയി എന്നു മാത്രം പറഞ്ഞു. അനിയത്തി മെലിഞ്ഞുപോയി എന്നു പറഞ്ഞുകൊണ്ട് അമ്മച്ചി ആട്ടിന്തല സൂപ്പുവച്ചതും കന്നി പെടച്ചിയെ കൊന്ന് പുത്തൻചട്ടിയിൽ കറി വച്ചതും കൊടുക്കുകയും ചെയ്തു. അവധിക്കാല സന്തോഷങ്ങളിൽ ഞാനും അനിയത്തിയും ജെംസിയെ മെല്ലെ മെല്ലെ മറന്നുതുടങ്ങിയിരുന്നു. വീട്ടിൽ വെറുതെ നിൽക്കുന്ന സമയമായതു കാരണം അനിയത്തിക്കു വരുന്ന ആലോചനകൾക്കു മുന്നിലേക്കു ചായയും അവലോസുണ്ടയും ഒരുക്കുക എന്നതായിരുന്നു ഞങ്ങളുടെ പ്രധാന പണി. ഇടയ്ക്കുമാത്രം ജെംസി വിളിക്കുമ്പോൾ ഞാൻ ഫോണിന്റെ ഓരത്ത് ചെന്ന് നിൽക്കും. ഈസ്റ്ററിന് വല്യമ്മച്ചിയെയും കൂട്ടി മലബാറിലേക്കു വായോ എന്ന് ഞാൻ ആത്മാർത്ഥമായിത്തന്നെ ജെംസിയോട് അപേക്ഷിച്ചു.

അവശേഷിച്ച ക്ലാസും അതിനുശേഷമുള്ള പരീക്ഷയും എഴുതുവാൻവേണ്ടി അനിയത്തി വീണ്ടും ബാംഗ്ലൂർക്കു തിരിച്ചുപോയി. അന്ന് ഇന്നത്തേതുപോലെ മുട്ടിനുമുട്ടിന് സെന്ററുകളില്ല. എപ്പോഴും പരീക്ഷകളുമില്ല. പരീക്ഷയാന്നു കേൾക്കുമ്പോഴേ നാട്ടിലെ തറവാടുകളില് അമ്മച്ചിമാര് കൊന്തകളേന്തും. അയൽപക്കങ്ങളിലും ബന്ധുവീടുകളിലും കൊച്ചിന് പരീക്ഷയാ പ്രാർത്ഥിക്കണേന്നു പറയും. സകല പുണ്യവാളൻമാർക്കും നേർച്ചകൾ നേരും. ആരേലും വിശുദ്ധനാട്ടിൽ പോകുന്നുണ്ടെങ്കിൽ അവിടുന്ന് ഒരു കൊന്ത വരുത്തിച്ച് അത് കൊച്ചുങ്ങളുടെ കഴുത്തിൽ ഇട്ടുകൊടുക്കും. എന്നു പറഞ്ഞാൽ പോരാ, ഒരു വലിയ നോമ്പിന്റെ ചിട്ടകളൊക്കെ അമ്മച്ചിമാര് വീട്ടില് ക്ഷണിച്ച് വരുത്തും. അങ്ങനെ എന്റെ രത്നവും എന്നെ വിളിച്ച് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. ത്രിസന്ധ്യാനേരത്ത് കൊന്തയുടെ നീല മുത്തുകളിൽ ഞാൻ അവളെയും ഓർത്തു. അത്രകാലം കഴിഞ്ഞിട്ടും ജെംസിയുടെ ചാച്ചനും അമ്മച്ചിക്കും എന്തു പറ്റിയതാണ് എന്നു മാത്രം ഞാൻ ചോദിച്ചിരുന്നില്ല. ഒന്ന് ശരിക്ക് കാതോർത്തിരുന്നെങ്കിൽ ജെംസി എന്നോടെല്ലാം പറയുമായിരുന്നു എന്ന് എനിക്കു പലപ്പോഴും തോന്നിയിരുന്നു. അങ്ങനെ പരീക്ഷ കഴിഞ്ഞു. പരീക്ഷ എങ്ങനെയുണ്ട് എന്ന ചോദ്യത്തിന് കുഴപ്പമില്ല എന്നൊരു ഉഴപ്പൻമറുപടി. ബാംഗ്ലൂരുകാർ എല്ലാവരും ഒരുമിച്ചു പറഞ്ഞു. ജെംസി തീർച്ചയായും പാസാകും എന്ന് ഞാൻ വിശ്വസിച്ചു.

അവധി ആയതുകൊണ്ട് ജെംസി പ്രവിത്താനത്തോട്ടും അനിയത്തി വീട്ടിലേക്കും പോന്നു. വേനലിൽ പൊട്ടിവിരിഞ്ഞ ഒരു മഴയുടെ പിറ്റേന്നാണ് ജോൺസൺ അനിയത്തിയെ



പെണ്ണു കാണാൻ വന്നത്. അതിന്റെ പിറ്റേന്നു തന്നെ തിരുവമ്പാടിയെ തണുപ്പിച്ചുകൊണ്ടു വന്ന വേനൽ മഴയിൽ അനിയത്തിയുടെ ഐ. ഇ. എൽ. ടി. എസ് റിസൾട്ടും വന്നു. ചാച്ചൻ ബാംഗ്ലൂരിലേക്കു ഫോൺ ചെയ്യുമ്പോൾ അനിയത്തി ചെങ്കല്ലിന്റെ ചുമരിനോടു ചാരിനിന്ന് വലതു കൈ നെഞ്ചത്ത് വെച്ചു. മഴത്തണുപ്പിലും വെന്തുപോകുന്നൊരു വേദനയോടെ അമ്മച്ചി തിരുഹൃദയത്തിന്റെ രൂപത്തിലേക്ക് കൈ കൂപ്പിപ്പിടിച്ച് നോക്കിനിന്നു. പരീക്ഷയെഴുതിയ ഇരുപതു പേരിൽ പത്തൊൻപതു പേരും ജയിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ചാച്ചൻ ഫോൺ അവസാനിപ്പിച്ചു. നിശ്ശബ്ദതയുടെ ഒടുവിൽ ക്ലോക്കിൽ മിനിറ്റു സൂചി ഓടിത്തളർന്നിട്ടും ആരാണ് തോറ്റത് എന്നു ഞാൻതന്നെ ചോദിച്ചു.

ജെംസി.

എന്നു ചാച്ചൻ പറഞ്ഞതും എന്റെ തൊണ്ടയും കണ്ണും കനത്തു. ഞാൻ കുഞ്ഞിനെ കുളിപ്പിക്കുന്നതും താരാട്ടുപാടുന്നതും ഉറക്കുന്നതും നോക്കി എന്റെ പിറകേ നടന്ന അവളുടെ രൂപത്തിന്റെ നേർത്തൊരു നിഴൽ സമീപത്തെവിടെയോ ഇപ്പോഴും എന്നെ നോക്കി നടക്കുന്നുണ്ട് എന്ന് എനിക്കു തോന്നി. അന്ന് ഐ.ഇ.എൽ.ടി.എസ് ആദ്യശ്രമത്തിൽ തന്നെ വിജയിച്ചതിന്റെ ആഘോഷം ഒന്നും ഞങ്ങളുടെ വീട്ടിൽ ഉണ്ടായില്ല. സന്ധ്യയ്ക്കു കൊന്ത ചൊല്ലിക്കഴിഞ്ഞപ്പോൾ ഞാൻ തന്നെ നിർബന്ധിച്ച് അനിയത്തിയെക്കൊണ്ട് ജെംസിയെ വിളിപ്പിച്ചു. അവളുടെ വല്യമ്മച്ചിയാണു ഫോൺ എടുത്തത്.

"എന്റെ കൊച്ചേ, പെണ്ണിന്റെ റിസൾട്ട് വന്ന ദിവസമല്ലേ. ജയവാന്നേലും തോൽവി ആന്നേലും ഞങ്ങൾ ഒരുപോലെ ആഘോഷിക്കുമെന്ന് നേരത്തേ തീരുമാനിച്ചതാ. അങ്ങനെ തോറ്റുകൊടുക്കാമ്പറ്റുവോ? ഞാനിപ്പോ നെലോളിച്ചാ നാളെ ഒരു സങ്കടം വരുമ്പോൾ അവളും നെലോളിച്ചോണ്ടിരിക്കും. ഞങ്ങള് രാവിലെ പാലാ ഇടപ്പറമ്പിൽ പോയി എനിക്കൊരു ചട്ടേം മുണ്ടും അവൾക്കൊരു ചുരിദാറിന്റെ തുണീം വാങ്ങി. രണ്ട് ഫലൂദേം. നോമ്പുകാലമല്ലായിരുന്നേല് ഞാൻ കൊച്ചിന് നല്ല പോത്ത് ബിരിയാണി വാങ്ങിച്ചു കൊടുത്തേനെ.'

അപ്പോഴേക്കും ജെംസി സംസാരിച്ചുതുടങ്ങി.

"സങ്കടം ഒന്നുമില്ലെടീ. ഇനി ഉണ്ടേത്തന്നെ സങ്കടപ്പെടാൻ വല്യമ്മച്ചിയൊട്ടു സമ്മതിക്കത്തുമില്ല."

ആ സംഭാഷണം ഏകദേശം ഒരുമണിക്കൂറോളം നീണ്ടു. അന്നൊക്കെ അമ്പതു രൂപയ്ക്കാണ് ഫോൺ ചാർജ് ചെയ്യുന്നത്. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ മൊബൈൽ ഷോപ്പുകാരൻ റോബിൻസിന്റെ കടതുറപ്പിച്ച് വീണ്ടും അമ്പതു രൂപയ്ക്ക് റീ ചാർജ് ചെയ്ത് ഞാനും ജംസിയോടു സംസാരിച്ചു. "കാട്ടാന കുത്തിക്കൊന്ന വല്യപ്പനെ മണ്ണില് ഒറ്റയ്ക്കു കുഴിയെടുത്ത് അടക്കി കുരിശും നാട്ടിയവളാ എന്റെ വല്യമ്മച്ചി. ആ വല്യമ്മച്ചിയുടെ മോളല്ലേ ചേച്ചി ഞാൻ, ഞാൻ സങ്കടപ്പെടൂല്ല. നാളെ ഇതൊക്കെ മാറും. ഞാൻ പരീക്ഷയ്ക്കു ജയിക്കും. ഇനി നിന്റെ സങ്കടം മാറ്റാൻ ഞാനും വല്യമ്മച്ചീം വേണേല് ഈസ്റ്ററിന് അങ്ങോട്ടേക്കു വരാം."

ആ ഫോൺ സംഭാഷണം അവസാനിച്ചപ്പോൾ മാത്രമാണ് ഞങ്ങളുടെ വീട്ടിൽ ഒരു വെട്ടം വീണത്.കഞ്ഞി കുടിക്കാൻ ഇരുന്നപ്പോ അനിയത്തി ചോദിച്ചു:

"ചാച്ചൻ പാലായീന്നുതന്നെയല്ലേ ഈ അമ്മച്ചീനെ കെട്ടിക്കൊണ്ടുവന്നത്." ഒരുമിച്ചുള്ള ചിരിയിൽ അന്നത്തെ രാത്രി അവസാനിച്ചു. വീണ്ടും ഒരു വേനൽക്കാലം കൂടി കഴിഞ്ഞു. ജെംസി, ഐ.ഇ.എൽ. ടി.എസ് ഒക്കെ പാസായി ഗൾഫിൽ എത്തി. പിന്നെ കേട്ടു, വിവാഹം കഴിഞ്ഞ് രണ്ടു കുട്ടികളുമായി ഇപ്പോൾ ഓസ്ട്രേലിയയിൽ ആണെന്ന്. രണ്ടു വർഷം മുമ്പുള്ള മീനവേനലിൽ ജെംസിയുടെ വല്യമ്മച്ചി മരിച്ചു. അവൾ നാട്ടിൽ വന്നു. അനിയത്തിക്കു പകരമായി ഞാൻ പോയി. കണ്ടു. മിണ്ടി. അവൾ കരഞ്ഞില്ല. ശവസംസ്കാരച്ചടങ്ങുകളൊക്കെ കഴിഞ്ഞപ്പോൾ അവൾ എനിക്കൊരു ഫലൂദ വാങ്ങിത്തന്നു.

"ദുഃഖം ആണേലും സന്തോഷമാണേലും ഒരു ദിവസത്തിന് അപ്പുറത്തേക്കു വേണ്ടാ എന്നാ വല്യമ്മച്ചീടെ നിലപാട്. മാതാവ് ഇതുവരെ നെലോളിച്ചിട്ടില്ല എന്നാണ് വല്യമ്മച്ചി എന്നെ പറഞ്ഞുപഠിപ്പിച്ചേക്കുന്നെ. ജീവിച്ചിരുന്ന കാലത്തോളം എന്റെ വല്യമ്മച്ചി കരഞ്ഞു ഞാൻ കണ്ടിട്ടില്ല. എന്നെ കരയിക്കാനും സമ്മതിച്ചിട്ടില്ല. വല്യമ്മച്ചി ഉള്ളപ്പോ കരയാത്ത ഞാൻ ഇനി എന്തിനാ ഇല്ലാത്തപ്പം കരയുന്നത്? 'അല്ലേലും ഈ കരച്ചിലിൽ ഒന്നും വലിയ കാര്യമില്ല ചേച്ചീ ചിരിച്ചുകൊണ്ടുതന്നെ അവൾ എന്നെ യാത്രയാക്കി.

ഒരിക്കലും നീ ഇതു വായിക്കില്ല എന്നറിഞ്ഞുകൊണ്ടുതന്നെ, നിന്നെ ഞാൻ ഓർക്കുന്നു ജെംസീ.

എന്റെ എല്ലാ ദുഃഖങ്ങളിലും. എന്റെ എല്ലാ പ്രതിസന്ധികളിലും.

എന്റെ എല്ലാ ചർച്ചകളിലും നീ വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു.

■



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# കൊല്ലംസമ്മേളനം നൽകുന്ന സൂചനകൾ

നേർമൊഴി

**കൊ**ല്ലത്തെ ചുവപ്പണിയിച്ച് പതിനായിരക്കണക്കിനു റെഡ് വോളണ്ടിയർമാർ പങ്കെടുത്ത സിപിഎം സംസ്ഥാനസമ്മേളനം സമാപിച്ചു. വിഭാഗീയതയുടെ തമ്മിലടിയില്ലാതെ ഏകകണ്ഠമായ തീരുമാനങ്ങളോടെ പാർട്ടിസമ്മേളനം പൂർത്തിയായി. പാർട്ടിസെക്രട്ടറിയായി എം.വി. ഗോവിന്ദൻ തിരഞ്ഞെടുക്കപ്പെട്ടു. മുൻ സെക്രട്ടറി കൊടിയേരി ബാലകൃഷ്ണന്റെ അകാലവിയോഗത്തിൽ പാർട്ടി സെക്രട്ടറിയായി നിയോഗിക്കപ്പെട്ട ഗോവിന്ദൻ മാഷ് ഇത്തവണ പാർട്ടി സമ്മേളനത്തിൽ ഔദ്യോഗികമായ തിരഞ്ഞെടുപ്പോടെ ആസ്ഥാനത്തെത്തി.

സിപിഎമ്മിൽ പാർലമെന്ററി പൊളിറ്റിക്സിനെക്കാൾ പ്രാധാന്യം സംഘടനാരാഷ്ട്രീയത്തിനാണ്. മന്ത്രിമാരും ജനപ്രതിനിധികളും പറയുന്നതുപോലെയല്ല പാർട്ടി പ്രവർത്തിക്കുന്നത്; പകരം, പാർട്ടി നിശ്ചയിക്കുന്നതുപോലെയാണ് മന്ത്രിമാരും മറ്റു ജനപ്രതിനിധികളും വർത്തിക്കുന്നത്. പാർട്ടിസെക്രട്ടേറിയറ്റിൽ മൂന്നു പുതുമുഖങ്ങൾക്ക് അവസരം കിട്ടി. കെ. കെ. ഷൈലജ, എം.വി. ജയരാജൻ, സി.എൻ. മോഹനൻ. പ്രായപരിധിയുടെ പേരിൽ ഒഴിവായ എ.കെ. ബാലൻ, പി.കെ. ശ്രീമതി, ആനാവൂർ നാഗപ്പൻ എന്നിവർക്കു പകരമാണ് പുതിയ അംഗങ്ങൾ. സെക്രട്ടേറിയറ്റിൽ 17 അംഗങ്ങളാണുള്ളത്. 88 പേരുള്ള സംസ്ഥാനകമ്മിറ്റിയിൽ 17 പുതുമുഖങ്ങളുണ്ട്.

കമ്യൂണിസ്റ്റുകാർ പൊതുവെ ത്യാഗികളാണെങ്കിലും പാർട്ടിസ്ഥാനങ്ങൾ നഷ്ടപ്പെടുന്നതിൽ പലർക്കും വിഷമമുണ്ട്. ഈ സങ്കടം ഒളിഞ്ഞും തെളിഞ്ഞും കമ്യൂണിസ്റ്റുസംസ്കാരത്തിനു പരിക്കുണ്ടാകാത്തവിധം അവർ പ്രകടിപ്പിക്കുകയും ചെയ്തു. പ്രായത്തിന്റെയും അനാരോഗ്യത്തിന്റെയുംപേരിൽ ഒഴിവാകേണ്ടിവന്നവർക്കു മറ്റു ഗത്യന്തരങ്ങളില്ല. അല്ലാത്തവരാണ് അസ്വസ്ഥരായത്. സ്ഥാനമാനങ്ങളും സ്ഥാനക്കയറ്റങ്ങളും പ്രതീക്ഷിച്ചിരുന്ന പി. ജയരാജനും പത്തനംതിട്ട ജില്ലാ സെക്രട്ടേറിയറ്റംഗം എം. പത്മകുമാറും തങ്ങളുടെ ബുദ്ധിമുട്ട് സാമൂഹികമാധ്യമങ്ങളിലൂടെ പ്രകടിപ്പിച്ചു. കണ്ണൂർകാരി എൻ. സുകന്യയും തന്റെ വ്യസനം ഫേസ്ബുക്കിലൂടെ വ്യക്തമാക്കി. എം.ബി. രാജേഷും കടകംപള്ളി സുരേന്ദ്രനും ഉയർന്ന പാർട്ടിസ്ഥാനങ്ങൾ ലഭിക്കാതെപോയവരുടെ പട്ടികയിൽപ്പെടുന്നു. വി.എസ്. അച്ചുതാനന്ദൻ ജീവിച്ചിരിപ്പുണ്ടെന്ന തോന്നൽപോലും ജനിപ്പിക്കാതെയാണ് കൊല്ലം സമ്മേളനം അവസാനിച്ചത്. 75 വയസ്സിന്റെ അടിസ്ഥാനത്തിൽ പലരും ഒഴിവാക്കപ്പെട്ടപ്പോൾ ആ പ്രായത്തിന്റെ പടിവാതിൽക്കലെത്തി നില്ക്കുന്ന രണ്ടുപേർ - ഇ.പി. ജയരാജനും ടി.പി. രാമകൃഷ്ണനും സാങ്കേതികത്വത്തിന്റെ ന്യായത്തിൽ രക്ഷപ്പെട്ടു. സെക്രട്ടേറിയ



റ്റിലും സംസ്ഥാനകമ്മിറ്റിയിലും ഇടംപിടിച്ചവരിലധികവും മുഖ്യമന്ത്രിയോടു കൂറുള്ളവരാണെന്നത് പാർട്ടിക്കുള്ളിലെ സംസാരവിഷയമാണ്. സംസ്ഥാനകമ്മിറ്റിയിലെ 19 പേർ കണ്ണൂർ സ്വദേശികളാണ്. മുഖ്യമന്ത്രിക്കു വേണ്ടപ്പെട്ടവർമാത്രമാണ് ഉന്നതാധികാരസമിതിയിലുള്ളത്. മുഖ്യമന്ത്രി എന്ന നേതാവിന്റെ കരുത്തും സ്വാധീനവും തന്ത്രജ്ഞതയുമാണ് അതു വെളിപ്പെടുത്തുന്നത്. കൂടെ നിറുത്താനും കീഴിൽ നിറുത്താനുമുള്ള കഴിവാണ് ഒരു നേതാവിനാവശ്യം. അതു വേണ്ടതിലധികമുള്ള നേതാവാണ് മുഖ്യമന്ത്രി.

പാർട്ടിസംസ്ഥാനസമ്മേളനമായിരുന്നെങ്കിലും ചർച്ച ചെയ്തത് സർക്കാരിന്റെ നയരേഖതന്നെയാണ്. 'കേരളത്തെ നയിക്കാൻ പുതുവഴികൾ' എന്നതായിരുന്നു ചർച്ചാവിഷയം. കൊച്ചിയിൽ വച്ചു നടന്ന കഴിഞ്ഞ സംസ്ഥാനസമ്മേളനത്തിന്റെ വിഷയം 'നവകേരളത്തിന്റെ പാർട്ടി കാഴ്ചപ്പാട്' പാസാക്കപ്പെട്ടതുപോലെ ചർച്ചയും തിരുത്തലുമില്ലാതെ ഇത്തവണത്തെ ചർച്ചാവിഷയം പാസാക്കാനായില്ല. ആവശ്യകമായ ഭേദഗതികളോടെയാണ് വിഷയം അംഗീകരിക്കപ്പെട്ടത്. ലോകസഭാതിരഞ്ഞെടുപ്പിൽ പാർട്ടിക്കുണ്ടായ കനത്ത തിരിച്ചടിയും സാമ്പത്തികഞെരുക്കവും പണം കണ്ടെത്താൻവേണ്ടി നിർദേശിക്കപ്പെട്ട സെസുകളും ടോൾപിരിവുമൊക്കെ വിമർശനവിധേയമായതും ഭരണനേതൃത്വത്തെ വീണ്ടുവിചാരത്തിനു പ്രേരിപ്പിച്ചു. അതിനുള്ള തെളിവ് മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം. ജനവിരുദ്ധമോ ജനങ്ങൾക്കു ഭാരമുണ്ടാക്കുന്നതോ ആയ ഒരു നീക്കവും ഭരണപക്ഷത്തുനിന്നുണ്ടാകില്ലെന്നു പ്രതിനിധികൾക്കു മുഖ്യമന്ത്രി ഉറപ്പുനൽകി.

സാങ്കേതികമായി കൊല്ലം സമ്മേളനം പാർട്ടിയുടെ സംസ്ഥാനസമ്മേളനമായിരുന്നെങ്കിലും ഈ വർഷാവസാനത്തിലും അടുത്ത വർഷാരംഭത്തിലും നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പുകൾക്കുള്ള ഒരുക്കമായിട്ടാണ് പാർട്ടി സമ്മേളനത്തെ പ്രയോജനപ്പെടുത്തിയത്. മൂന്നാം ഊഴത്തിനുവേണ്ടി നിലവിലുള്ള പാർട്ടി നിയമങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നതിൽ ബുദ്ധിമുട്ടില്ലെന്ന ചിന്ത പ്രതിനിധിസമ്മേളനത്തിൽ വികസിപ്പിച്ചെടുക്കാൻ മുഖ്യമന്ത്രിയുടെ ടീമിനായി എന്നത് നിസ്സാരമായി കരുതാനാവുകയില്ല. പാർട്ടിയുടെ പഴഞ്ചൻനിലപാടുകളിൽനിന്നു മാറാതെ തുടർഭരണസാധ്യതയില്ലെന്ന തിരിച്ചറിവ് പാർട്ടിക്കുണ്ട്. കട്ടൻകാപ്പിയുടെയും പരിപ്പുവടയുടെയും കാലം കഴിഞ്ഞു. വികസനത്തിന്റെ വഴികളിൽ സഞ്ചരിക്കുന്നവരെ പിന്തുണയ്ക്കാനാണ് സമ്മതിദായകർക്കിഷ്ടം. ■

# പാക് അധിനിവേശ കശ്മീർ ഇന്ത്യയിൽ ലയിക്കുന്നു?

*1-ാംപേജ് തുടർച്ച*

ചൈനീസ് കമ്പനികളുടെ ഒരു കൺസോർഷ്യം പാക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ 40 ശതമാനം പങ്കാളിത്തം നേടിയ വിചിത്രസംഭവത്തെത്തുടർന്ന് ബലൂചിസ്ഥാൻ ലിബറേഷൻ ആർമി സ്റ്റോക്ക് എക്സ്ചേഞ്ച് ആക്രമിച്ചിരുന്നു. മേൽവിവരിച്ച തീവ്രവാദിസംഘടനകളുടെ ഒരു ത്രിദിനസംയുക്തസമ്മേളനം കഴിഞ്ഞയാഴ്ച നടക്കുകയും ഒരുമിച്ചു ചേർന്നു പ്രവർത്തിക്കാനും എല്ലാവർക്കുമായി ഒരു ആർമിയും ഒരു സൈനികനേതൃത്വവും രൂപീകരിക്കാനും നടപടികൾ ആരംഭിച്ചത് പാക്കിസ്ഥാനു തിരിച്ചടിയായി. പാക്കിസ്ഥാനും ചൈനയ്ക്കുമെതിരേ നിലകൊള്ളുക എന്ന ലക്ഷ്യത്തോടെ രൂപമെടുത്ത സൈനികസഖ്യം ബലൂച് നാഷണൽ ആർമി (ബിഎൻഎ)എന്ന പേരിൽ അറിയപ്പെടും. ഇനി ഗറില്ലാമാതൃകയിൽ സംഘടിത ആക്രമണങ്ങൾ നടത്താനും സാങ്കേതികവൈദഗ്ധ്യം വർധിപ്പിക്കാനും, പാക്ചാരസംഘടനയിൽ നുഴഞ്ഞുകയറാനും ആക്രമണങ്ങൾക്കു കൃത്യത വരുത്താനും നടപടികൾ സ്വീകരിച്ചുതുടങ്ങിയതായി ബിഎൻഎ വക്താവ് ബലൂച്ഖാന്റെ പ്രസ്താവനയുണ്ടായിട്ടുണ്ട്.

ഇതിന്റെ തുടർച്ചയെന്നവണ്ണം മാർച്ച് 11 ന് രാത്രി ബലൂചിസ്ഥാൻ ലിബറേഷൻ ആർമി ക്വറ്റയിൽനിന്ന് പെഷവാറിലേക്കു പോയ ജാഫർ എക്സ്പ്രസ്സ് ട്രെയിൻ റാഞ്ചി 450 പേരെ ബന്ദികളാക്കി. ഇതേവരെ 24 പാക് സൈനികർ കൊല്ലപ്പെട്ടിട്ടുണ്ട്. പാക്ക് ജയിലിലുള്ള ബിഎൽഎ പ്രവർത്തകരെ മോചിപ്പിക്കണമെന്നാണ് ആവശ്യം. 48 മണിക്കൂർ ഡെഡ് ലൈനാണ് അവർ നൽകിയിട്ടുള്ളത്. പാക്കിസ്ഥാൻ സൈന്യം മറുപടിയാക്രമണത്തിലൂടെ 104 ബന്ദികളെ മോചിപ്പിച്ചു. 16 ബി എൽ എ പ്രവർത്തകർ കൊല്ലപ്പെട്ടു വെന്ന പ്രാദേശികമാധ്യമങ്ങളുടെ റിപ്പോർട്ട് തള്ളിക്കളഞ്ഞ ബി.എൽ.എ. വക്താവ് ഉടൻതന്നെ പത്ത് ബന്ദികളെ വധിക്കുമെന്നും തങ്ങൾ നൽകിയിരിക്കുന്ന 48 മണിക്കൂർ സമയപരിധി കഴിഞ്ഞാൽ ഓരോ മണിക്കൂറിലും അഞ്ചു ബന്ദികളെ വധിക്കുമെന്നുമാണ് മുന്നറിയിപ്പു നല്കിയിരിക്കുന്നത്. ഇതിനുപിന്നിലും ഇന്ത്യയുടെ കരങ്ങൾ ഉണ്ടെന്നാണ് പാക്കിസ്ഥാന്റെ പരോക്ഷപ്രസ്താവന.

**പാക്കിസ്ഥാൻ നേരിടുന്ന പ്രശ്നങ്ങൾ**

വ്യത്യസ്ത സംസ്കാരങ്ങളുള്ള ജനങ്ങളെ മതാടിസ്ഥാനത്തിൽമാത്രം വേർതിരിച്ചു രൂപീകരിക്കപ്പെട്ട ഒരു രാജ്യമാണ് പാക്കിസ്ഥാൻ. മതം എന്നുള്ളതുമാത്രമാണ് അടിസ്ഥാനപരമായി യോജിപ്പിക്കുന്ന ഏകഘടകം. പിന്നീടങ്ങോട്ട് പാക്കിസ്ഥാനു വളർച്ചയുണ്ടായില്ല എന്നുമാത്രമല്ല, നിലനില്പിനായി മതതീവ്രവാദം പ്രോത്സാഹിപ്പിക്കേണ്ടിയും വന്നു. ഇപ്പോൾ സാമ്പത്തികമായി അങ്ങേയറ്റം തകർന്നടിഞ്ഞിരിക്കുന്ന പാക്കിസ്ഥാനിൽ ആകാശംമുട്ടുന്ന വിലക്കയറ്റവും ഇന്ധനദൗർലഭ്യവും ജനങ്ങളെ വലയ്ക്കുന്നു. പാക് അധിനിവേശ കശ്മീരിലും അഫ്ഗാൻ - ഇറാൻ അതിർത്തികളിലും സ്ഥിതിഗതികൾ വളരെ രൂക്ഷമാണ്. പാക് അധിനിവേശകാശ്മീരിലെ ഹൈവേ ആഴ്ചകളായി ജനങ്ങൾ ഉപരോധിക്കുന്നതിനാൽ ചൈനയിൽനിന്നു ഭക്ഷണവുമായി വന്ന ട്രക്കുകൾ കുടുങ്ങിക്കിടക്കുകയാണ്. ദാരിദ്ര്യം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന വേളയിൽ ആ ട്രക്കുകൾ എത്തിയില്ലെങ്കിൽ റംസാൻ നോമ്പ് നാളിൽ പാക്കിസ്ഥാനിൽ പട്ടിണിയാണ് ബാക്കിയാവുക. ബലൂചിസ്ഥാനിലെ ഖൈബർ പഷ്തൂൺ മേഖലയ്ക്കൊപ്പംതന്നെ, പഞ്ചാബിൽ ഖലിസ്ഥാൻ ലിബറേഷൻ ഫ്രണ്ടിന്റെ നേതൃത്വത്തിൽ ആഭ്യന്തരയുദ്ധം രൂക്ഷമാണ്.

ഒരേസമയം രാജ്യാർത്തിക്കു ചുറ്റിനും രാജ്യത്തിനുള്ളിലെ വിവിധ മേഖലകളിലും സൈന്യത്തെ വിന്യസിക്കേണ്ട ഗതികേടിലാണ് പാക്കിസ്ഥാൻ. മുമ്പ് ആയുധങ്ങളായും പണമായും അമേരിക്ക നൽകിയിരുന്ന സഹായമായിരുന്നു ബലൂച് സംഘടനകളെ അടിച്ചമർത്താൻ പാക്കിസ്ഥാനു ബലമായിരുന്നത്. അമേരിക്ക കൈവിട്ട ഇപ്പോഴത്തെ നിലയിൽ വെള്ളം കുടിക്കുകയാണ് അവർ. അമേരിക്കയുടെ പണം മറ്റു രാജ്യങ്ങൾക്കു യുദ്ധസഹായമായി നൽകേണ്ട എന്ന് ട്രംപിന്റെ നയം പാക്കിസ്ഥാനു തിരിച്ചടിയായിരിക്കുന്നു. സഹായിക്കുന്നില്ല എന്നുമാത്രമല്ല, പ്രശ്നങ്ങളിൽ ഇടപെടുന്നുമില്ല എന്നതു കാണുമ്പോൾ അമേരിക്ക പാക്കിസ്ഥാനെ കൈവിട്ട പ്രതീതിയാണ്. ഒരു വലിയ കമ്പോളമെന്ന നിലയിലും വ്യക്തിപരമായ ബന്ധത്തിലും ഇപ്പോൾ അമേരിക്ക ആഭിമുഖ്യം കാണിക്കുന്നത് ഇന്ത്യയോടാണ്.

**ഇന്ത്യയുടെ നിലപാട്**

പ്രശ്നങ്ങൾക്കു പിന്നിൽ ഇന്ത്യയാണെന്ന നിലപാട് പാക്കിസ്ഥാൻ ആവർത്തിക്കുകയാണ്. ബലൂചിസ്ഥാൻ തീവ്രവാദികൾക്ക് ആയുധവും പണവും പരിശീലനവും നൽകുന്നത് ഇന്ത്യയാണെന്ന് അവർ പല വേദികളിലും പറയുന്നുണ്ട്. അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടം പാക് അതിർത്തിയിൽ ആക്രമണപരമ്പര തന്നെ നടത്തുകയും പാക് താലിബാനെ സഹായിക്കുകയും ചെയ്യുന്ന വേളയിൽ ഇന്ത്യ താലിബാനുമായി സഖ്യത്തിലായത് പാക്കിസ്ഥാനു തിരിച്ചടിയായി. ചൈന പണിത ഗ്വാദർ തുറമുഖത്തിനു ബദലായി ഇറാനിലെ ഛാബഹാർ തുറമുഖത്തിന്റെ നിർമാണം നടത്തിയ ഇന്ത്യയ്ക്ക് അടുത്ത പത്തു വർഷത്തേക്ക് തുറമുഖത്തിന്റെ നിയന്ത്രണം ഇറാൻ കൈമാറിയത് യൂറോപ്പിലേക്കുള്ള ചരക്കുഗതാഗതത്തിൽ പാകിസ്ഥാനെയും ചൈനയെയും മറികടന്ന് ഇന്ത്യയ്ക്കു മേൽക്കൈ നേടാൻ ഇടയാക്കി.

അതിനുമപ്പുറം, പാക് അധിനിവേശ കാശ്മീരിൽ നടന്ന അഭിപ്രായ സർവേയിൽ ഇന്ത്യയിലേക്കു ലയിക്കാനുള്ള തീരുമാനത്തിലാണ് മേൽക്കൈ ലഭിച്ചത്. ഇന്ത്യയ്ക്കെതിരേ വിവിധ കാലഘട്ടങ്ങളിൽ ഭീകരാക്രമണങ്ങൾ ആസൂത്രണം ചെയ്ത ഭീകരനേതാക്കളിൽ പലരും പാക്കിസ്ഥാനിൽ അജ്ഞാതരാൽ കൊല്ലപ്പെടുന്നതിന്റെ പഴിയും ഇന്ത്യയ്ക്കുമേൽ ചാരുന്നുണ്ട്. ഈ കൊലപാതകങ്ങൾ പാക് ചാരസംഘടനയായ ഐഎസ്ഐയുടെ ആത്മവീര്യം കെടുത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഇന്ത്യയ്ക്കെതിരേ ശബ്ദമുയർത്തിയിരുന്ന ഒമർ അബ്ദുള്ള ഇന്ത്യ എന്തേ കാശ്മീരിനെ കീഴ്പ്പെടുത്താൻ വൈകുന്നു എന്നു ചോദിച്ചുതുടങ്ങിയിരിക്കുന്നു. നയതന്ത്രതലത്തിൽ പിൻവാതിൽചർച്ചകൾ ഏറെ നടക്കുന്നുണ്ട്. യു.എസും ഇറാനും അതിൽ സജീവപങ്കാളികളാണ്. ഏറെ സമ്മർദതന്ത്രങ്ങളും പ്രയോഗിക്കുന്നുണ്ട്. കാശ്മീരിൽ നിലവിലിരുന്ന വിഘടനവാദം ഏറെക്കുറെ ഒതുക്കാൻ കേന്ദ്രസർക്കാരിനു കഴിഞ്ഞിട്ടുണ്ട്. പാക്കിസ്ഥാൻ ആഭ്യന്തരമായി നേരിടുന്ന പ്രശ്നങ്ങൾ അവർക്ക് താങ്ങാൻ വയ്യാതായിട്ടുമുണ്ട്. ഒപ്പം, രാഷ്ട്രീയ അസ്ഥിരതയും സാമ്പത്തികത്തകർച്ചയും. അമേരിക്കയുടെ പിന്തുണ നഷ്ടപ്പെട്ടു എന്നു മാത്രമല്ല, ഇന്ത്യാ-ചൈന അതിർത്തികളിലെ ഒത്തുതീർപ്പുകളും, ചൈനയുമായുള്ള പുതിയ ഇന്ത്യൻ സഹകരണവും പാക്കിസ്ഥാനെ അലട്ടുന്നു. ചൈനീസ് അതിർത്തിയിൽനിന്നു പിൻവലിച്ച സേനയെ പാക്കിസ്ഥാൻ അതിർത്തിയിൽ കൂടുതൽ വിന്യസിക്കാൻ നമുക്കാവുമെന്നതും പാക്കിസ്ഥാനെ അസ്വസ്ഥരാക്കുന്നു ബലൂചിസ്ഥാനിലെയും പാക് അധിനിവേശ കാശ്മീർഭാഗത്തെയും ആഭ്യന്തരയുദ്ധവും പട്ടിണിയും പാക്കിസ്ഥാന് അധികനാൾ താങ്ങാനാവില്ല. പിൻവാതിൽ ചർച്ചകൾ ഫലം കണ്ട് കാശ്മീർ ഇന്ത്യയുടെ തലയെടുപ്പായി മാറുന്ന കാലം വിദൂരത്തല്ല. ■

# നിഖ്യാവിശ്വാസപ്രമാണത്തിന്റെ പശ്ചാത്തലം

**നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര**

**9**



**ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ**

**കു**റഞ്ഞ ശ്രദ്ധയോടും കൂടുതൽ വേഗത്തിലും നാം ചൊല്ലുന്ന ഒരു പ്രാർഥനയാണ് വിശ്വാസപ്രമാണം. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' ഈശോ നമുക്കു നൽകിയ ഏറ്റവും ശ്രേഷ്ഠമായ പ്രാർഥനയാണെങ്കിൽ, 'വിശ്വാസപ്രമാണം' തിരുസ്സഭ നമുക്കു നൽകിയിരിക്കുന്ന ഏറ്റവും വിശിഷ്ടമായ ഒരു പ്രാർഥനയാണ്. വിശ്വാസപ്രമാണം ഒരു പ്രാർഥനയായതിനാലാണ് മറ്റു പ്രാർഥനകൾപോലെ ഇതും 'ആമ്മേൻ'ൽ അവസാനിക്കുന്നത്. വിശ്വാസപ്രമാണത്തിന് അതർഹിക്കുന്നതും, സഭ ഉദ്ദേശിക്കുന്നതുമായ പ്രാധാന്യം നാം പലപ്പോഴും കൊടുക്കാറില്ല. ഇതിന്റെ പ്രാധാന്യവും പ്രസക്തിയും അർഥവും വ്യാപ്തിയും ചരിത്രവും ശാസ്ത്രവും അറിയായ്കയാലാണ് ഇപ്രകാരം സംഭവിക്കുന്നത്. സഭയിലെ ഏറ്റവും ആദ്യത്തെ പ്രാർഥനയായി ഇതിനെ കാണുന്നവരുണ്ട്; പ്രാർഥനകളുടെയെല്ലാം പ്രാർഥന എന്നു വിശേഷിപ്പിക്കുന്നവരുണ്ട്; തിന്മയുടെമേൽ വിജയം വരിക്കാനുള്ള ആയുധമായിക്കാണുന്നവരുണ്ട്; ദൈവശാസ്ത്ര സമ്പുഷ്ടവും ചരിത്രവഴികളിലൂടെ കടന്നുവന്നതും സാർവത്രിക സൂനഹദോസുകളിലെല്ലാം ചർച്ച ചെയ്തു ശുദ്ധീകരിച്ചതും അംഗീകരിച്ചതുമായ സഭയുടെ ഏറ്റവും ശ്രേഷ്ഠമായ ഒരു പ്രാർഥനയാണിത്.

**1. മാമ്മോദീസായ്ക്ക് ഉപയോഗിച്ചിരുന്ന പ്രാർഥന**

'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്ന ആദ്യകാലപ്രാർഥനയാണ് കാലാകാലങ്ങളിൽ അതിനോടു മറ്റുകാര്യങ്ങൾ കൂട്ടിച്ചേർത്ത് ഇന്നത്തെ രീതിയിലുള്ള ഒരു ദീർഘപ്രാർഥനയായി പരിണമിച്ചത്. ആരംഭംമുതലേ സഭ അവളുടെ വിശ്വാസം ഹ്രസ്വങ്ങളായ പ്രസ്താവങ്ങളിലൂടെ പ്രകടിപ്പിക്കുകയും പകർന്നുകൊടുക്കുകയും ചെയ്തിരുന്നു (റോമ 10:9). ഇവ ആദ്യം വിശിഷ്യാ ജ്ഞാനസ്നാനാർഥികളെ ഉദ്ദേശിച്ചായിരുന്നു. ഇത്തരം വിശ്വാസ സമന്വയങ്ങളെ വിശ്വാസപ്രമാണങ്ങൾ എന്നു നാം വിളിക്കുന്നു; കാരണം, ഇവ ക്രിസ്ത്യാനികൾ ഏറ്റുപറയുന്ന വിശ്വാസത്തിന്റെ സംഗ്രഹമാണ്. വിശ്വാസപ്രമാണത്തിന്റെ ഇംഗ്ലീഷിലുള്ള പേര് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. Creed എന്നതിന്റെ ലത്തീൻ രൂപം *Credo* എന്നാണ്; ഇതിനർഥം 'ഞാൻ വിശ്വസിക്കുന്നു' എന്നാണുതാനും. അതിനാൽ 'ഞാൻ വിശ്വസിക്കുന്ന'/'ഞങ്ങൾ വിശ്വസിക്കുന്ന' കാര്യങ്ങളാണ് ഇവിടെ ഒരു ഫോർമുലപോലെ ഏറ്റുപറയുന്നത്. വിശ്വാസപ്രമാണങ്ങളെ വിശ്വാസസംഹിതകൾ (Symbols of Faith) എന്നും വിളിക്കാറുണ്ട്. വിശ്വാസം ഉൾക്കൊള്ളുന്ന പ്രധാനതത്ത്വങ്ങളുടെ സമാഹരണമാണ് വിശ്വാസപ്രമാണം. ഇത് ക്രിസ്തീയവിശ്വാസ സംഹിതകളുടെ അർഥസമ്പുഷ്ടവും ഔദ്യോഗികവും ആധികാരികവുമായ രത്നച്ചുരുക്കമാണ്. തന്മൂലം മതബോധനത്തിന്റെ പ്രഥമവും ആധികാരികവുമായ സംശോധക സ്രോതസ്സായി വിശ്വാസപ്രമാണം നിലകൊള്ളുന്നു (*കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, പി.ഒ.സി. 2011, പേജ് 52).

വിശ്വാസപ്രഖ്യാപനം ആദ്യം നടത്തുന്നത് മാമ്മോദീസാസ്വീകരണത്തിലാണ്. വിശ്വാസപ്രമാണം, പ്രഥമവും പ്രധാനവുമായി മാമ്മോദീസാപ്രഖ്യാപനംതന്നെയാണ്. മാമ്മോദീസാ നൽകുന്നത് 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' ആയതിനാൽ മാമ്മോദീസായിൽ നാം പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളിലുള്ള വിശ്വാസം ഏറ്റുപറയുകയാണ്. അതിനാൽ, വിശ്വാസപ്രമാണത്തിന് മൂന്നു ഭാഗങ്ങളുണ്ട്: പിതാവായ ദൈവത്തിന്റെ സൃഷ്ടികർമ്മവും പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരകർമവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ വിശുദ്ധീകരണകർമവും.

ആദ്യ മൂന്നു നൂറ്റാണ്ടുകൾ മതമർദനങ്ങളുടെ കാലമായിരുന്നു. ഈശോയുടെ പഠനങ്ങൾ അപ്പസ്തോലന്മാരിൽനിന്നു ലഭിച്ചത് ആദിമക്രൈസ്തവർ ജീവിച്ചുപോന്നു. അതിൽ അവർക്ക് അശേഷം സംശയമില്ലായിരുന്നു. ഈശോയോടുകൂടിയുള്ള ജീവിതമായിരുന്നു



യഥാർഥജീവിതമെന്നും അത് മരണത്തോടുകൂടിയേ സാധ്യമാകൂ എന്നും അവർ മനസ്സിലാക്കിയിരുന്നു. അതിനാൽ ആദിമക്രൈസ്തവരെല്ലാം 'ക്രിസ്ത്യാനി'യായിരിക്കുന്നതിന്റെ നല്ല ഉദ്ദേശ്യത്തിലും പൂർണാർഥത്തിലും ജീവിക്കാൻ ശ്രമിച്ചിരുന്നു; അതായത്, രക്തസാക്ഷിത്വത്തിനുവേണ്ടി അവർ കാത്തിരിക്കുകയായിരുന്നു. മരണത്തിന്മേലും സഹനങ്ങളുടെമേലും തിന്മകളുടെമേലും വിജയം വരിച്ച ഉത്ഥിതനായ ഈശോയോടൊത്തുള്ള ജീവിതമായിരുന്നു അവരെല്ലാം ആഗ്രഹിച്ചിരുന്നത്. അതുകൊണ്ട് മതമർദനങ്ങളും പീഡനമാർഗങ്ങളും രക്തസാക്ഷിത്വവുമൊക്കെ ആദിമക്രൈസ്തവസഭയെ വളർത്തുകയാണു ചെയ്തത്. മതമർദനങ്ങളുടെ കാലത്ത് വിവിധ പീഡനമാർഗങ്ങളിലൂടെ ക്രിസ്ത്യാനികളെ നശിപ്പിച്ചിരുന്നെങ്കിലും അവരുടെ ധീരതയും ക്രിസ്തുവിനോടുള്ള വിശ്വസ്തതയും ഭാവിജീവിതത്തിലുള്ള പ്രത്യാശയും കണ്ട് മറ്റനേകർ ക്രിസ്ത്യാനികളാവുകയായിരുന്നു. എന്നാൽ, മതമർദനങ്ങൾകൊണ്ട് ഇനി ക്രൈസ്തവരെ ഇല്ലാതാക്കാൻ സാധിക്കില്ല. മാത്രവുമല്ല, അവരുടെ എണ്ണം വർധിക്കാനേ അതു കാരണമാകൂ എന്നു മനസ്സിലാക്കിയാണ് ഡയക്ലീഷ്യൻ മതമർദനം അവസാനിപ്പിച്ചത്.

കോൺസ്റ്റന്റൈനോടുകൂടി സഭയ്ക്കു സ്വാതന്ത്ര്യം കിട്ടി. എന്നാൽ, പ്രശ്നങ്ങളും ഭിന്നതകളും മുളപൊട്ടാൻ തുടങ്ങി; ദൈവശാസ്ത്രചിന്തകളും സംശയങ്ങളും വാദപ്രതിവാദങ്ങളും പ്രശ്നങ്ങളിലേക്കു നയിച്ചു. പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രിത്വൈകദൈവത്തെ അവർ ഇതുവരെ സംശയമില്ലാതെ ഏറ്റുപറഞ്ഞിരുന്നുവെങ്കിൽ, എങ്ങനെ മൂന്നു പേർക്ക് ഒരേസമയം ഒന്നായിരിക്കാൻ സാധിക്കും? അവരുടെ സത്തയും സ്വഭാവവും പ്രവർത്തനരീതിയും ഇച്ഛയും ഒന്നാണോ? വ്യത്യസ്തമാണോ? എന്നിങ്ങനെ വ്യത്യസ്തമായി ചിന്തിക്കാൻ തുടങ്ങി. ആദ്യം ത്രിത്വത്തെ പൊതുവായി സംബന്ധിച്ചായിരുന്നു സംശയമെങ്കിൽ പിന്നീട് ഒന്നാമത്തെയാളായ പിതാവിനെപ്പറ്റിയും തുടർന്ന് രണ്ടാമത്തെയാളായ പുത്രനെപ്പറ്റിയും തുടർനൂറ്റാണ്ടുകളിൽ മൂന്നാമത്തെയാളായ പരിശുദ്ധാത്മാവിനെപ്പറ്റിയും പഠനങ്ങൾ തുടങ്ങി. വിവിധ സ്ഥലങ്ങളിലുള്ള സഭകളെ കേന്ദ്രീകരിച്ച് വിവിധ ചിന്തകൾ ഉടലെടുത്തതിനാൽ ഇക്കാര്യങ്ങളിൽ അഭിപ്രായൈക്യം ഉണ്ടായില്ല; എന്നുമാത്രമല്ല, ചില ചിന്തകൾ കാലക്രമത്തിൽ പാഷണ്ഡതകൾക്കും വിഭജനങ്ങൾക്കും കാരണമാകുന്നുമുണ്ട്. എന്നാൽ, അതോടൊപ്പംതന്നെ ദൈവശാസ്ത്രവും രൂപപ്പെടാൻ തുടങ്ങി. വാസ്തവത്തിൽ തെറ്റായ പഠനങ്ങളാണ് - ആര്യനിസം, ഏകസ്വഭാവവാദം, ഏകചിത്തവാദം, മൊണാർക്കിയനിസം, മോഡലിസം തുടങ്ങിയവ - ശരിയായ പഠനങ്ങൾക്കു വഴിതെളിച്ചത്. അതിനാൽ ആദ്യനൂറ്റാണ്ടുകളിലെ (12 വരെയുള്ള 12 കൗൺസിലുകളിൽ) ഒട്ടുമിക്ക പാഷണ്ഡചിന്താധാരകൾക്കുമുള്ള ഉത്തരം വിശ്വാസപ്രമാണത്തിൽ കാണാനാവും. അവയ്ക്കെതിരേ സഭ എന്താണു മുറുകെപ്പിടിച്ചത് എന്നു വിശ്വാസപ്രമാണം വ്യക്തമാക്കുന്നു. ആദ്യനൂറ്റാണ്ടുകളിലുണ്ടായ പഠനങ്ങളിൽ ചിലതുമാത്രം സഭ ഔദ്യോഗികമായി സ്വീകരിച്ചപ്പോൾ ബാക്കിയുള്ളവ അനൗദ്യോഗികവും അകത്തോലികവും അംഗീകരിക്കാനാവാത്തതും പാഷണ്ഡതയുമൊക്കെയായിത്തീർന്നു. അങ്ങനെയെങ്കിൽ എല്ലാ ദൈവശാസ്ത്രപഠനമേഖലകളും; പ്രത്യേകിച്ച് ക്രിസ്തുവിജ്ഞാനീയം, സഭാവിജ്ഞാനീയം, പരിശുദ്ധാത്മശാസ്ത്രം, മരിയശാസ്ത്രം, രക്ഷാവിജ്ഞാനീയം തുടങ്ങിയവയുടെയെല്ലാം സാരസംഗ്രഹവും ഉദ്ഭവകാരണങ്ങളും വിശ്വാസപ്രമാണത്തിൽ കാണാനാവും.

പുത്രന്റെ ദൈവത്വം നിഷേധിച്ച ആര്യനിസത്തിനുള്ള ഉത്തരമാണ് നിഖ്യാ വിശ്വാസപ്രമാണം രൂപപ്പെടാനുള്ള പ്രധാനകാരണം. അക്കാലത്തു ജറുസലേമിൽ നിലവിലിരുന്ന, ജ്ഞാനസ്നാനാർഥികൾ ഉപയോഗിച്ചിരുന്ന ഒരു ചെറുപ്രാർഥനയാണ് നിഖ്യാവിശ്വാസപ്രമാണത്തിന് അടിത്തറയാകുന്നത്. അതിനോട് ആരിയൂസിനുള്ള മറുപടിയുംകൂടി ചേർത്തു എന്നുമാത്രം. തുടർന്നുണ്ടായ സെമി-ആര്യനിസത്തിന്റെ പശ്ചാത്തലം അവസരമാക്കി നിഖ്യാവിശ്വാസപ്രമാണത്തോട് അല്പംകൂടി ചേർത്ത് കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (381) നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം രൂപപ്പെടുത്തി. ക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങളും വ്യക്തിത്വവും സംബന്ധിച്ചുള്ള തർക്കത്തിന്റെ പശ്ചാത്തലത്തിൽ നടത്തപ്പെട്ട എഫേസൂസ് കൗൺസിലും (431) കാൽസിഡൺ കൗൺസിലും (451) ഈ വിശ്വാസപ്രമാണം ആവർത്തിച്ച് അംഗീകരിക്കുന്നുണ്ട്. മൂന്നധ്യായങ്ങളെ പുറന്തള്ളാൻ കൂടിയ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസും ഏകചിത്തവാദത്തെ എതിർക്കാൻ സമ്മേളിച്ച മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസും നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം അംഗീകരിച്ചുറപ്പിക്കുന്നുണ്ട്. തുടർന്ന്, ഐക്കൺ തകർക്കൽ തർക്കത്തിന്റെ പശ്ചാത്തലത്തിൽ നടന്ന നിഖ്യാ II ൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിനു നിർവചനവും വ്യാഖ്യാനവും കൊടുക്കുന്നതുകാണാം. തുടർന്നുനടന്ന കോൺസ്റ്റാന്റിനോപ്പിൾ IV, ലാറ്ററൻ I, II, III, IV ലിയോൺസ് I, II എന്നിവയിൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൽ വിശ്വാസപ്രമാണം ചർച്ചചെയ്ത് അംഗീകരിച്ച് ഉറപ്പിക്കുന്നുണ്ട്.

**2. വിവിധ വിശ്വാസപ്രമാണങ്ങൾ**

വിവിധ വിശ്വാസപ്രമാണങ്ങൾ സഭയിൽ രൂപംകൊണ്ടിട്ടുണ്ട്. നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, കാൽസിഡൺ, തൊളേദോ, ലാറ്ററൻ, ലിയോൺസ്, ത്രെന്തോസ്, ക്വിക്കുംകൈ *(Quiqumque)* എന്നറിയപ്പെടുന്ന അത്തനാസിയൂസിന്റെ വിശ്വാസപ്രമാണം, ദമാസൂസ് വിശ്വാസപ്രമാണം *(Fides Damasi)*, അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം, ദൈവജനത്തിന്റെ വിശ്വാസപ്രമാണം തുടങ്ങിയവ. ഇവയിൽ രണ്ടെണ്ണമാണ് കൂടുതൽ പ്രധാന്യമർഹിക്കുന്നവ: നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണവും.

അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം, അപ്പസ്തോലന്മാരുടെ രണ്ടാം തലമുറയിൽപ്പെട്ട, റോമിലെ ഒരു വിശ്വാസപരിശീലകൻ ക്രോഡീകരിച്ചു സൂക്ഷിച്ചതാണ്. ഈ വിശ്വാസപ്രമാണത്തിൽ അപ്പസ്തോലന്മാരായ വി. പത്രോസിന്റെയും വി. പൗലോസിന്റെയും പ്രധാനപഠനങ്ങളുടെ വലിയ സ്വാധീനം കാണാം. കിഴക്കും പടിഞ്ഞാറുമായി ഇന്നു നിലവിലിരിക്കുന്ന എല്ലാ വിശ്വാസപ്രമാണങ്ങളുടെയും ആദിമരൂപമായി നിലകൊള്ളുന്ന ഈ വിശ്വാസസംഹിത എ.ഡി. 100 നോടടുത്താണ് വിരചിതമായത്. റോമൻസഭയുടെ പ്രാചീനമായ മാമ്മോദീസാ - വിശ്വാസപ്രമാണമാണിത്. മിലാനിലെ വി. അംബ്രോസിന്റെ അഭിപ്രായത്തിൽ അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിന്റെ സവിശേഷമായ ആധികാരികതയ്ക്ക് അടിസ്ഥാനമായ വസ്തുത ഇതാണ്. അപ്പസ്തോലന്മാരിൽ പ്രഥമനായ വി. പത്രോസിന്റെ സിംഹാസനമായ റോമാസഭയിൽ വിശ്വസിക്കുന്നതെന്തോ അതാണ് വിശ്വാസപ്രമാണം. അതിനോടാണ് പൊതുവായ വിശ്വാസം ബന്ധപ്പെടുത്തിയിരിക്കുന്നത്. (St. Ambrose, *Explanatio Symboli ad initiandos*, PL XVII, 1196). ഈ വിശ്വാസപ്രമാണത്തെക്കുറിച്ച് വി. അംബ്രോസ് പറയുന്നത് ഇപ്രകാരമാണ്: ഈ വിശ്വാസപ്രമാണം ആത്മീയമുദ്രയാണ്; നമ്മുടെ ഹൃദയത്തിന്റെ ധ്യാനമാണ്; എപ്പോഴും ജാഗ്രതയായിരിക്കുന്ന കാവൽക്കാരനുമാണ്; ഇതു നിസംശയം നമ്മുടെ ആത്മാവിന്റെ നിക്ഷേപമാണ്. (St. Ambrose, *Explanatio Symboli ad initiandos*, PL XVII, 1193). എല്ലാ പ്രധാന പാശ്ചാത്യ - പൗരസ്ത്യ സഭകൾക്കും പൊതുവായിട്ടുള്ളതാണ് നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം. ഈ വിശ്വാസപ്രമാണത്തിന്റെ ആധികാരികതയുടെ അടിസ്ഥാനം ഇത് ആദ്യത്തെ രണ്ടു സാർവത്രിക സൂനഹദോസുകളിൽനിന്നും (നിഖ്യാ - 325, കോൺസ്റ്റാന്റിനോപ്പിൾ - 381) രൂപംകൊണ്ടു എന്നതാണ്.

*(തുടരും)*

നോവൽ 7

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

വല്യപ്പച്ചനെയും മലേഷ്യയിലെ പാപ്പനിച്ചായനെയും അതിവിദഗ്ധമായി കൊച്ചുപ്പാപ്പൻ പറ്റിച്ചു. വാസ്തവം പറഞ്ഞാൽ രണ്ടുപേരൊഴിച്ച് സർവരെയും കൊച്ചുപ്പാപ്പൻ വഞ്ചിച്ചു.

വല്യപ്പച്ചന്റെ ആദ്യഭാര്യയിലെ മകൻ കൊച്ചുകൊച്ചിനും മൂത്തമകൾ ചിന്നമ്മയ്ക്കുമൊഴിച്ച് ആർക്കുംതന്നെ വണ്ടന്മേട്ടിലെ സ്ഥലവും ചെവിക്കുന്നേലേ സ്ഥലവും ആരുടെ പേരിലാണ് എഴുതിയതെന്നറിയില്ല.

കൊച്ചുകൊച്ചിന് ന്യായമായി എത്തേണ്ടതെത്തി. ബാക്കി കൊച്ചുപ്പാപ്പന്റെ പേരിലുമാക്കി. അതിന്റെ നിജസ്ഥിതി അറിയാനോ തർക്കിച്ച് അവകാശങ്ങൾ സ്വന്തമാക്കാനോ അപ്പൻ ശ്രമിച്ചതുമില്ല. അച്ചോയിയുടെ ഭാര്യ വിവാഹാവസരത്തിൽപ്പോലും ഒരുതരി പൊന്നില്ലാതെ വന്നതായതിനാൽ അവർക്ക് രണ്ടു സ്വർണ വളകൾ കൊടുത്ത് വഴക്കാളിയായ അച്ചോയിയുടെ വായടപ്പിച്ചു.

കൊച്ചുപ്പാപ്പന്റെ ഭാര്യയും തഥൈവ. അവർക്ക് നാലുവളകൾ പണിയിച്ചു നല്കി.

മലേഷ്യയിലെ അപ്പച്ചൻ കൊണ്ടുവന്ന സ്വർണം രണ്ടുമൂന്നു തട്ടാന്മാരെക്കൊണ്ട് പര്യത്തെ തിണ്ണയിലിരുത്തി പണിയിപ്പിച്ച വകയിലുള്ളതെല്ലാമാണ് കുഞ്ഞവറായുടെ ഭാര്യ മറിയക്കുട്ടി ഇന്നു ഞെളിഞ്ഞിട്ടുകൊണ്ടു നടക്കുന്നത്.

മലേഷ്യേലെ അപ്പച്ചൻ പറഞ്ഞതാണ്: “നമ്മുടെ ബേബീടെ ഭാര്യയ്ക്കും അവന്റെ പെങ്കുഞ്ഞുങ്ങൾക്കുംകൂടെ വല്ലോം പണിതിട്ടു കൊടുക്ക്.”

അതുകേട്ട വല്യമ്മച്ചി തട്ടിട്ടു തുള്ളി: “അവർക്ക് നാലാങ്ങളമാരൊണ്ട്, ഇടാറാകുമ്പോൾ അതുങ്ങൾ കൊടുത്തോളും, നീ എന്റെ ലീലാമ്മയ്ക്കും പിന്നെ എന്റെ അടുക്കേളേൽ നിക്കുന്ന ഈ മറിയപ്പെണ്ണിനും കൊടുത്താമതി”

വല്യമ്മച്ചി ഒരുപാടു സ്വത്തുള്ള വീട്ടിൽനിന്നു വന്നതാണ്. എന്നിട്ടും, സ്വർണമുരുക്കിയുരുട്ടി മേക്കാതിൽ വാഴക്കൂമ്പും കാതിൽ ചുറ്റുചെയിനും, തോടയും കഴുത്തിലയും പണിയിച്ചിട്ടു.

ലീലാമ്മയ്ക്കും കിട്ടി, ബോധിച്ചു. മറിയക്കുട്ടി എല്ലാം സൂത്രത്തിൽ കൈക്കലാക്കിയിട്ട് പാപ്പനിച്ചായൻ ഒന്നും തന്നില്ലേ, എന്ന് ‘ഇല്ലക്കം’ പാടിക്കൊണ്ടിരുന്നു.

അമ്മച്ചിക്കു വാശിയായി. സ്വന്തം മാതാപിതാക്കളോട് ഒന്നും ചോദിച്ചുവാങ്ങാനറിയാത്ത ഇച്ചാച്ചനോട് പെരുത്ത ദേഷ്യമായി.

അമ്മച്ചി തന്റെ പെണ്ണുകെട്ടാത്ത മൂത്തസഹോദരനെപോയിക്കണ്ട് തോറ്റംപാടി, പതം പെറുക്കിക്കരഞ്ഞു:

‘‘എന്റെ കുഞ്ഞുകൊച്ചായിയേ, ഞാനെന്നും പാലും തൈരും മുട്ടയുമായി എന്റെ മക്കളെ തറവാട്ടിലേക്കു വിടും. അതും വാങ്ങി, ആ വീട്ടിലെ വേലക്കാരികളെക്കൊണ്ടുപോലും ചെയ്യിക്കാത്ത തുപ്പൽകോളാമ്പികളും കഴുകിച്ച് വലിയ കുട്ടകത്തിൽ വരെ വെള്ളവും കോരിക്കും, മുറ്റമായ മുറ്റമെല്ലാം, പറമ്പുവരെ അടിപ്പിച്ച് തീയിടീക്കും. തീ കത്തിപ്പിടിക്കാതിരിക്കാൻ എരിഞ്ഞുതീരുംവരെ അതുങ്ങളെ കാവൽ നിറുത്തും. പിറ്റേന്ന് ചാരം വാരി കോഴിക്കൂടിനും ആട്ടിൻകൂടിനും കീഴെയും ചാണകക്കുഴിയിലും അതുങ്ങൾതന്നേ ഇടണം. എന്നിട്ടും എന്റെ പാവം കുഞ്ഞുങ്ങൾക്ക് ഒരു കോഴിക്കണ്ണോളം പോരുന്നതുപോലും കൊടുത്തില്ലല്ലോ.”

“അവരു കുഞ്ഞുങ്ങളല്ലേ? സാരമില്ല, കടുംവെട്ടുകഴിഞ്ഞാലുടനെ വടക്കേക്കാലായിലെ റബ്ബറു വെട്ടിവിയ്ക്കും, അപ്പോ നമുക്കെന്തേലും ചെയ്യാം.”

പക്ഷേ, റബ്ബർത്തടികൾ വിറ്റു കിട്ടിയ പണം പാവം കുഞ്ഞുകൊച്ചായിക്കു കാണികാണാൻ പോലുംകിട്ടിയില്ല. അത് മറ്റൊരു വഞ്ചനയുടെ കഥയാണ്. കച്ചവടം ചെയ്ത റബ്ബർമരങ്ങളെല്ലാം മുറിച്ചുമാറ്റി ലോറികളിൽ കൊണ്ടുപോയി എന്നുമാത്രം അറിയാം. അടുത്തബന്ധു നിലം വാങ്ങി, പേരിൽക്കൂട്ടി. അക്കാലമങ്ങനെയാണ്, വിശ്വാസവഞ്ചന ആയുധമാക്കിയവർ എവിടെയും നിരവധിയാണ്.

കുഞ്ഞുകൊച്ചായി കടംവാങ്ങി കൊടുത്ത കാശും പിന്നെ പാവം അമ്മച്ചി പട്ടിണികിടന്ന് മിച്ചിച്ചെടുത്ത കുഞ്ഞുകുഞ്ഞു ‘അരിച്ചിട്ടികളൊക്കെ’ പിടിച്ചുകിട്ടിയ തുകയുംകൂടെച്ചേർത്ത്, കുറിയുന്നൂരെ വെളുത്ത തട്ടാനുകൊടുത്തു. നിലത്ത് മണ്ണിൽ മാങ്ങായുടെ ചിത്രം വരച്ച് അമ്മ മോഡൽ കാണിച്ചുകൊടുത്തു. മാങ്ങാ ഫാഷൻ.



മൂത്തപെമ്പിള്ളേർക്കിരുവർക്കും മാങ്ങാക്കമ്മൽ. ചെറുതിന് പിന്നീടാവാം.

ദുർഗതികൾ വിടാതെ അമ്മച്ചിയെ പിന്തുടർന്നുകൊണ്ടിരുന്നു. വെളുത്ത തട്ടാൻ മുഖംതരാതെ മുങ്ങിനടന്നു. അയാൾ പണമെടുത്തു മറിച്ചു. കമ്മൽ പണിതുതന്നില്ല.

ഇച്ചാച്ചന്റെ വായിൽനിന്ന് ഒരുപാടു ചീത്ത പാവം അമ്മച്ചി കേട്ടു.

‘പിടക്കോഴി കൂവി.’

“വീട്ടിലാണുങ്ങളുള്ളപ്പോൾ അവരാണ് ഇതിനൊക്കെ ഇറങ്ങിത്തിരിക്കേണ്ടത്, അതെങ്ങനെയാ മജിസ്ട്രേറ്റാന്നാ അവടെ വിചാരം, അനുഭവിക്കട്ടേ.”

എന്നിട്ടും അപ്പൻ ഇടപെട്ടു. തട്ടാന്റെ വീട്ടിൽച്ചെന്ന് മര്യാദയ്ക്കു ചോദിച്ചപ്പോൾ അയാൾ ഒളിച്ചുകളിച്ചു.

അവസാനം കുത്തിനുപിടിച്ച് കരണത്തൊന്നു പൊട്ടിച്ച് പുരുഷന്റെ വീര്യം പ്രകടിപ്പിച്ചു. തട്ടാന്റെ പെണ്ണുമ്പിള്ള കാലേൽ വീണുകരഞ്ഞു.

‘‘ഗതികേടുകൊണ്ടാണേ അങ്ങേരെ ഒന്നും ചെയ്യല്ലേ.”

ഒടുവിൽ ഒട്ടും വിലയില്ലാതെ അയാളുടെ കൂട്ടിൽനിന്ന കറവവറ്റിയ ആടിനെ പിടിച്ചോണ്ടു വന്നു.

അമ്മയുടെ സ്വപ്നങ്ങൾ തകിടം മറിഞ്ഞു. എങ്കിലും തോല്ക്കാൻ മനസ്സില്ലായിരുന്നു.

പള്ളിയിലും കല്യാണങ്ങൾക്കും മാത്രം കൈയിലണിയുന്ന കൈച്ചെയിൻ കൊടുത്ത് കാരാണിയിലെ പാപ്പുത്തട്ടാനെക്കൊണ്ട് മൂന്നിലയുംമുത്തും മൂന്നുവള്ളികളും ഫാഷനിൽ മൂത്ത പെൺമക്കൾക്ക് കമ്മൽ പണിയിപ്പിച്ചു. ഇളയവൾക്കു സ്വർണം തികയാഞ്ഞതിനാൽ രണ്ടു നീലസ്റ്റാറുകമ്മലും. അവൾ ആ കമ്മൽ ചാണകക്കുഴിയിലേക്കു വലിച്ചെറിഞ്ഞു. വീട്ടിലെ എല്ലാരുംകൂടെ അരിച്ചുപെറുക്കി ആ കമ്മൽ തിരിച്ചെടുത്തു. സുമ ആ ദിവസങ്ങളിൽ കൊണ്ട അടിക്ക് കണക്കില്ലായിരുന്നു.

മേഴ്സി സന്തോഷംകൊണ്ട് തുള്ളിച്ചാടി. കാരണം, ‘കാതൊന്നു കുത്തിച്ചുതന്നാമതിയമ്മേ ഞാൻ രണ്ടു നാരകമുള്ളു കുത്തി നടന്നോളാം’ എന്നു പറഞ്ഞ് നിരന്തരം അമ്മച്ചിയെ അലട്ടി സമ്പാദിച്ചെടുത്തതാണ് മേഴ്സി.

അമ്മ ആ കൈച്ചെയിനും മീൻചെതുമ്പൽ ഫാഷനിൽ രണ്ടു വളകളും പണിയിച്ചെടുത്ത ചരിത്രം എല്ലാ പെൺകുട്ടികൾക്കും പ്രചോദനം നല്കുന്നതാണ്.

അമ്മയുടെ സ്വന്തംവീട്ടിൽ മരച്ചീനി പറിച്ചുണങ്ങുന്ന കാലങ്ങളിൽ അമ്മയുടെ സഹോദരന്മാർ പൊടിക്കപ്പ മുഴുവൻ അമ്മയ്ക്ക് ഇഷ്ടദാനമായി നല്കും. അതിന്റെ കരിന്തൊലി കളഞ്ഞ് അരിഞ്ഞ് വെള്ളുകപ്പയായി ഉണങ്ങിയെടുക്കും. ഭക്ഷ്യയോഗ്യമായ, കപ്പചെത്തിന്റെ പ്രാരബ്ധം ഒന്നുമില്ല. പുറന്തൊലി എളുപ്പം കളഞ്ഞെടുക്കാം. വാട്ടണ്ട. കപ്പ ഉണങ്ങിക്കഴിയുമ്പോൾ അമ്മയുടെ ആങ്ങളമാർ കാളവണ്ടികളിൽ കപ്പ വില്ക്കാൻ കൊണ്ടുപോകുമ്പോൾ കുഞ്ഞുപെങ്ങളുടെ കപ്പയും വേറെ വേറെ ചാക്കുകളിലാക്കി കൊണ്ടെ വില്ക്കും. കന്നുകാലിക്ക് അതു പ്രയോജനപ്പെടും. കപ്പപൊടിച്ച് പിണ്ണാക്കിനും തവിടിനുമൊപ്പം അല്പംചേർത്ത് കന്നുകാലിക്കു നല്കാൻ, നല്ലൊരു കാലിത്തീറ്റയാണത്.

കിട്ടുന്ന പണം മുഴുവൻ സഹോദരന്മാർ അമ്മയ്ക്കു നല്കും. അങ്ങനെ അമ്മ കഷ്ടപ്പെട്ടുണ്ടാക്കിയ സ്വർണമാണ്.

കമ്മലിട്ടപ്പോൾ ലിസിക്കും സന്തോഷമായി. കമ്മലിട്ട് കണ്ണാടിയിൽ നോക്കിയപ്പോളാണ് ആ മാറ്റം അറിയുന്നത്. അവൾ മനസ്സിൽ പറഞ്ഞു: “ലിസീ നിന്നെക്കാണാൻ ഇപ്പം എത്ര ഭംഗിയാടീ.”

അവൾ അമ്മയോടു ചോദിച്ചു: “ഞങ്ങളിൽ ആർക്കാ അമ്മേ കമ്മൽ കൂടുതൽ ഇണങ്ങുന്നത്?”

മേഴ്സി കൂടുതൽ വെളുത്തവളാണ്. ലിസിക്ക് മേഴ്സിയുടെ അത്രതന്നെ നിറമില്ലെങ്കിലും വെളുത്തിട്ടാണ്. നിറം കുറഞ്ഞവർക്ക് പൊന്നാഭരണങ്ങൾ കൂടുതലഴകാണെന്നവൾക്കറിയാം.

അമ്മ പറഞ്ഞു: “പൊന്നിട്ടാൽ ഇണക്കം കുറയുന്നത് ഭാഗ്യലക്ഷണമാണ്, അവർക്കു ധാരാളം കിട്ടും.”

അതാണ് അമ്മയുടെ ബുദ്ധി. മക്കളെ താഴ്മയുള്ളവരാക്കിയെടുക്കുകയാണ്.

അമ്മ തുടർന്നു പറഞ്ഞു: “നിഗളം ദൈവം സഹിക്കില്ല, ലൂസിഫറിനെയും സംഘത്തെയും സ്വർഗത്തിൽനിന്ന് അപ്പൻ തള്ളിയിട്ടത് നിഗളിച്ചിട്ടാണ്. മാലാഖമാരുടെ ഗായകസംഘത്തിലുള്ളവർ. തലവൻ ലൂസിഫർ, ഉള്ളത്തിൽ പറഞ്ഞു: ‘നമ്മളും ദൈവത്തിനു സമന്മാരാണ്’ ചിന്തിച്ച നിമിഷം ദാ താഴെ കിടക്കുന്നു, പാതാളത്തിൽ! ദൈവം നല്ലവനായതുകൊണ്ട് കൊടുത്ത നന്മകളൊന്നും തിരിച്ചെടുത്തില്ല. ലൂസിഫറും സംഘവുമാണ് ലോകത്തിലെ സർവതിന്മകളുടെയും ഹേതുവായവർ. സ്വാർഥത കാണിക്കുന്നതും, മനുഷ്യനെ തമ്മിൽ തല്ലിച്ച് കൊല്ലുന്നതുമെല്ലാം. എന്റെ മക്കൾ കർത്താവിനെ നന്നായി സ്തുതിച്ചേ, കർത്താവാണ് നിങ്ങൾക്കിതൊക്കെയും തരുന്നത്, ഞാൻ ഒരു മുഖാന്തരം മാത്രം.

അടികൊണ്ടു കരഞ്ഞു തളർന്ന സുമയോട് അപ്പൻ പറഞ്ഞു: “കൊടിമുളകുപറിക്കുന്ന സമയമാകുമ്പം ഇച്ചാച്ചൻ മക്കൾക്ക് നല്ല ജിമിക്കിക്കമ്മൽ പണീപ്പിച്ചു തരാം.’

അപ്പൻ കൊടുക്കില്ലെന്ന് അറിയാവുന്ന അമ്മ അർഥഗർഭമായി ചിരിച്ചു. എന്നിട്ട് പറഞ്ഞു: “മുളകുകച്ചോടസമയത്ത് സ്വർണം പണയം വയ്ക്കാൻ ചോദിക്കും, തിരിച്ചെടുത്തു കിട്ടണേ തപസ്സു ചെയ്യണ്ടേ? എന്റെ വീട്ടീന്നു റോയിമോനും മേഴ്സിക്കും കൊടുത്ത പൊന്നരഞ്ഞാണങ്ങളെന്തിയേ? ബാങ്കുകാർ ലേലം ചെയ്തോ?”

ഇച്ചാച്ചൻ മറുപടി പറയാതെ ഊറിച്ചിരിച്ചു. വരുമാനം കുറഞ്ഞ വീട്ടിൽ ഒമ്പതംഗങ്ങളെ പോറ്റുന്ന പെടാപ്പാട്.

പാവം അപ്പനുമമ്മയും.

“നമ്മക്കു കമ്മൽ വേണ്ടാരുന്നു അല്ലേ മേഴ്സിച്ചേച്ചീ.”

“പോ പെണ്ണേ എല്ലാ വീട്ടിലും ഇങ്ങനെയൊക്കെയാ, നിനക്കു വേണ്ടേൽ ഊരി സുമയ്ക്കു കൊടുത്തേക്ക്.”

ലിസി ഓർമ്മകളുടെ ആഴക്കടലിൽ നീന്തിത്തുടിക്കുകയാണ്. തന്നെ കൂടാതെ സഹോദരങ്ങൾ ആറുപേരുകൂടെയുണ്ട്.

റോയിച്ചൻ, മേഴ്സി, ജാക്സൺ, സുമ, സാജൻ, മോനു. എല്ലാവർക്കും ഓരോ വയസ്സിന്റെയും ഈരണ്ടു വയസ്സിന്റെയും ഇളപ്പം മാത്രം.

തിന്നാറായ ഏഴു കുട്ടികൾ. പഠനത്തിൽ അതിസമർഥനായിരുന്ന റോയിച്ചനെ, സ്കൂളിൽ ടോപ്പ് മാർക്കോടെ പത്താംതരം പാസ്സായിട്ടും കോളജിൽ ചേർത്തു പഠിപ്പിക്കാൻ മാർഗമില്ല.

മലേഷ്യയിലെ അപ്പച്ചനോടു റോയിച്ചൻ പലവട്ടം, കുടുംബബന്ധുവായ ചക്കാലയ്ക്കലപ്പച്ചനെക്കൊണ്ട് കത്തിലൂടെ ശിപാർശ നടത്തിപ്പിച്ചതാണ്.

*ശേഷം 12-ാം പേജിൽ*

# പൗരസ്ത്യറീത്തിനു പുതുമുഖം നൽകിയ ഭരണാധിപൻ



2

ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**1908** ൽ പത്താംപീയൂസ് മാർപാപ്പായുടെ അനുഗ്രഹാശിസ്സുകളോടെ ആരംഭിച്ച റോമാവാസം 1962 ലും കർദിനാൾ യൂജേൻ തിസ്സറാങ്ങ് തുടരുകയാണെന്ന് തന്റെ പ്രസംഗത്തിൽ വ്ളാദ്മീർ ദ് ഒർമെസ്സോൺ എടുത്തുപറഞ്ഞു. പൗരസ്ത്യഭാഷകളിലുള്ള കൈയെഴുത്തുരേഖകൾക്കായുള്ള അന്വേഷണം ഫാ. തിസ്സറാങ്ങിനെ മിലാനിലെ അംബ്രോസിയൻ ലൈബ്രറിയിലും എത്തിച്ചു. അവിടെ ലൈബ്രേറിയനായ മോൺ. അക്കിലെ റാത്തിയെ ഫാ. തിസ്സറാങ്ങ് പരിചയപ്പെട്ടു. ഈ മോൺ. റാത്തിയാണു പിന്നീടു പതിനൊന്നാം പീയൂസ് മാർപാപ്പാ ആയത്.

ഫാ. തിസ്സറാങ്ങ് യൂറോപ്പിലെ മറ്റു പ്രധാന ലൈബ്രറികളും സന്ദർശിക്കുകയുണ്ടായി. പാരീസിലെ കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ട് പൗരസ്ത്യഭാഷകളുടെ പ്രൊഫസറായി തിസ്സറാങ്ങിനെ അങ്ങോട്ടു ക്ഷണിച്ചെങ്കിലും വത്തിക്കാനിലെ ചുമതലകൾ അദ്ദേഹത്തെ റോമിൽത്തന്നെ പിടിച്ചുനിറുത്തി.

1914 ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ഫ്രഞ്ചു സൈന്യത്തിൽ സേവനം അനുഷ്ഠിക്കാനായി തിസ്സറാങ്ങ് മധ്യപൂർവേഷ്യയിലെത്തി. യുദ്ധത്തിൽ മുറിവേറ്റ അദ്ദേഹം കുറെക്കാലം പാരീസിൽ യുദ്ധകാര്യമന്ത്രാലയത്തിൽ ജോലി ചെയ്തു. അദ്ദേഹത്തിന്റെ അറബിഭാഷാപരിജ്ഞാനം സർക്കാർ പ്രയോജനപ്പെടുത്തി.

1917 ൽ വീണ്ടും സൈന്യത്തിന്റെ ഭാഗമായി പലസ്തീനയിൽ ഒരു പട്ടാളയൂണിറ്റിനെ നയിച്ചു. യുദ്ധകാലസേവനങ്ങൾക്കു ഫ്രഞ്ച് ഗവൺമെന്റ് വിശിഷ്ടമെഡൽ നല്കി തിസ്സറാങ്ങിനെ ആദരിച്ചു.


യുദ്ധാനന്തരം 1919 ൽ വത്തിക്കാനിൽ തിരിച്ചെത്തി ഫാ. തിസ്സറാങ്ങ് ലൈബ്രറിയുടെ പ്രീഫെക്ടിന്റെ സഹായിയായും തുടർന്ന് പ്രോ-പ്രീഫെക്ടായും നിയമിതനായി.

പത്താം പീയൂസ് മാർപാപ്പായ്ക്കുശേഷം 1917 മുതൽ 1922 വരെ തിരുസ്സഭയെ നയിച്ച പതിനഞ്ചാം ബനഡിക്ട് മാർപാപ്പായുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടത് മോൺ. യൂജേൻ തിസ്സറാങ്ങിനെ വളരെ വിലമതിച്ചിരുന്ന കർദിനാൾ അക്കീലെ റാത്തിയാണ്.

പതിനൊന്നാം പീയൂസ് മാർപാപ്പായുടെ കാലത്ത് വത്തിക്കാൻ ലൈബ്രറിയുടെ സുവർണകാലഘട്ടമായിരുന്നു.

1927 ൽ പതിനൊന്നാം പീയൂസ് മാർപാപ്പാ മോൺ. തിസ്സറാങ്ങിനെ ഒരു പ്രത്യേക ദൗത്യം ഭരമേല്പിച്ച് അമേരിക്കൻ ഐക്യനാടുകളിലേക്കയച്ചു. ലൈബ്രറികളുടെ നടത്തിപ്പിൽ അമേരിക്ക സ്വീകരിച്ച നവീനസാങ്കേതികവിദ്യകൾ നേരിട്ടു മനസ്സിലാക്കുക എന്ന ദൗത്യമാണ് മോൺ. തിസ്സറാങ്ങിനെ മാർപാപ്പാ ഏല്പിച്ചത്. എല്ലാ പ്രധാനപ്പെട്ട ലൈബ്രറികളും സന്ദർശിച്ച അദ്ദേഹം തിരിച്ചെത്തി വത്തിക്കാൻ ലൈബ്രറിയിലും വലിയ നവീകരണപ്രവർത്തനങ്ങൾ നടത്തി. തുടർന്നും പല പ്രാവശ്യം മോൺ. തിസ്സറാങ്ങ് അമേരിക്കൻ ലൈബ്രറികൾ സന്ദർശിച്ചു.

മോൺ. തിസ്സറാങ്ങിന്റെ പ്രവർത്തനങ്ങളിൽ സന്തുഷ്ടനായ പതിനൊന്നാം പീയുസ് മാർപാപ്പാ 1936 ജൂൺ 15-ാം തീയതി 52 വയസ്സുമാത്രമുണ്ടായിരുന്ന തിസ്സറാങ്ങിനെ കർദിനാൾ പദവി നല്കി ആദരിച്ചു. അദ്ദേഹം മെത്രാനായി അഭിഷിക്തനാകു



ന്നത് 1937 ജൂലൈ 25-ാം തീയതിയാണ്. അന്നു സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന കർദിനാൾ പിച്ചേല്ലി (പിന്നീട് പന്ത്രണ്ടാം പീയൂസ് പാപ്പാ)യാണ് തിസ്സറാങ്ങിന്റെ മെത്രാഭിഷേകം നടത്തിയത്. വത്തിക്കാൻ ലൈബ്രറിയുടെ ചുമതലകൾക്കുപുറമേ മറ്റുത്തരവാദിത്വങ്ങളും പരിശുദ്ധപിതാവ് കർദിനാളിനെ ഭരമേല്പിച്ചു.

**പൗരസ്ത്യതിരുസംഘം**

അന്നു മാർപാപ്പാതന്നെയായിരുന്നു ഈ തിരുസംഘത്തിന്റെ അധ്യക്ഷൻ. സെക്രട്ടറിസ്ഥാനം വഹിച്ചിരുന്നത് ഒരു കർദിനാളുമായിരുന്നു. 1917 ൽ ഒരു സ്വതന്ത്രതിരുസംഘമായി പൗരസ്ത്യതിരുസംഘത്തെ ഉയർത്തിക്കൊണ്ട് ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പാ പറഞ്ഞു: "സഭ ലത്തീനുമല്ല, ഗ്രീക്കുമല്ല, സ്ലാവുമല്ല, അതു കാതോലികമാണ്."

1936 ൽ തിരുസംഘത്തിന്റെ സെക്രട്ടറിയായിരുന്ന കർദിനാൾ ലൂയിജി സിൻചേരോ ദിവംഗതനായപ്പോൾ ആ സ്ഥാനത്തേക്ക് പതിനൊന്നാം പീയൂസ് മാർപാപ്പാ വലിയ ദീർഘദൃഷ്ടിയോടെ നിയമിച്ചത് യൂജേൻ കാർഡിനൽ തിസ്സറാങ്ങിനെയാണ്.

ഫ്രഞ്ച് അക്കാദമിയിൽ വ്ളാദിമിർ ദ് ഒർമെസ്സോൺ നടത്തിയ സമഗ്രമായ പ്രസംഗത്തിൽ പൗരസ്ത്യതിരുസംഘത്തിൽ കർദിനാൾ തിസ്സറാങ്ങ് ചെയ്ത കാര്യങ്ങൾ വിവരിക്കുന്നുണ്ട്.

1938 മാർച്ച് 25-ാം തീയതി പതിനൊന്നാം പീയൂസ് മാർപാപ്പാ പൗരസ്ത്യതിരുസംഘത്തിന്റെ അധികാരപരിധി എല്ലാ പൗരസ്ത്യകത്തോലിക്കരിലേക്കും വ്യാപിപ്പിച്ചു. നൈയാമികവും ഭരണപരവും നീതിന്യായപരവുമായ എല്ലാക്കാര്യങ്ങളും ഈ തിരുസംഘത്തിന്റെ അധികാരപരിധിയിൽ വരുമെന്ന് Santa Dei Ecclesia (ദൈവത്തിന്റെ വിശുദ്ധ സഭ) എന്ന തിരുവെഴുത്തുവഴി പരിശുദ്ധപിതാവ് പ്രഖ്യാപിച്ചു. ഈജിപ്ത്, സീനായ്, സൈപ്രസ്, ഇറാൻ, ലെബനോൻ, സിറിയാ, പലസ്തീൻ, ഇസ്രയേൽ, ജോർദാൻ, ഇറാക്ക്, തുർക്കി, ബൾഗേറിയ, അഫ്ഗാനിസ്ഥാൻ, എത്യോപ്യാ, ഇന്ത്യയുടെ ഏതാനും ഭാഗങ്ങൾ എന്നിവിടങ്ങളിലുള്ള പൗരസ്ത്യറീത്തുകാരാണ് ഈ തിരുസംഘത്തിനു കീഴിൽ വരുന്നത്. അവർ അന്ത്യോക്യൻ, ഗ്രീക്ക് ബൈസന്റൈൻ, സ്ലാവ് ബൈസന്റൈൻ, അലക്സാണ്ഡ്രിയൻ, അർമേനിയൻ, കാൽഡൈൻ, സിറിയൻ, മെൽക്കൈറ്റ്, കോപ്റ്റിക് എന്നീ റീത്തുകളിൽപ്പെടുന്നു. ഈ പാരമ്പര്യങ്ങളിലുള്ള അകത്തോലിക്കാസഭകളുമായും പൗരസ്ത്യതിരുസംഘത്തിനു ബന്ധമുണ്ടായിരുന്നു. 23 കൊല്ലം തുടർച്ചയായി കർദിനാൾ തിസ്സറാങ്ങ് ഈ തിരുസംഘത്തിന്റെ തലപ്പത്തുണ്ടായിരുന്നു. അക്കാലയളവിൽ വിവിധ റീത്തുകളുടെ ആരാധനക്രമങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി കമ്മീഷനുകൾ നിലവിൽവന്നു.

കർദിനാൾ തിസ്സറാങ്ങ് ഈ പൗരസ്ത്യസഭകളെ എല്ലാം സന്ദർശിച്ചു. എല്ലായിടത്തും പരിശുദ്ധസിംഹാസനത്തിന് ഈ സഭകളോടുള്ള സ്നേഹവും താത്പര്യവും അറിയിക്കുക എന്നതായിരുന്നു കർദിനാളിന്റെ ദൗത്യം. ഈ യാത്രകൾ ഈ സഭകളുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾ മനസ്സിലാക്കാൻ കർദിനാളിന് അവസരം നൽകി. എല്ലായിടത്തും, പ്രത്യേകിച്ച് 1953 ൽ സീറോ മലബാർ രൂപതകളിൽ നടത്തിയ സന്ദർശനാവസരത്തിൽ കർദിനാൾ തിസ്സറാങ്ങിന് ഊഷ്മളസ്വീകരണമാണു ലഭിച്ചതെന്ന് ദ് ഒർമെസോൺ എടുത്തുപറയുന്നുണ്ട്. കർദിനാൾ തിസ്സറാങ്ങിന്റെ സന്ദർശനത്തിന്റെ ഫലമായി പൗരസ്ത്യസഭകളിൽ ഇരുപതോളം പുതിയ രൂപതകളും പുതിയ സെമിനാരികളും ദൈവാലയങ്ങളുമെല്ലാം ആരംഭിച്ചു. മധ്യപൂർവേഷ്യയിൽ നേഴ്സറിമുതൽ സ്കൂളുകൾ തുടങ്ങാനും പൗരസ്ത്യതിരുസംഘം സഹായം നല്കി. കമ്യൂണിസ്റ്റുഭരണത്തിൻകീഴിലുള്ള സഭാസമൂഹങ്ങളെ സന്ദർശിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും അവരുടെ കാര്യങ്ങളിൽ തത്പരനായ ഒരു കർദിനാൾ റോമിലുണ്ടെന്ന് അവർക്കറിയാമായിരുന്നു.

വത്തിക്കാൻ ലൈബ്രറിയുടെ ചുമതലകൾക്കുപുറമേയാണ് കർദിനാൾ തിസ്സറാങ്ങ് പൗരസ്ത്യതിരുസംഘത്തെ സമർഥമായി നയിച്ചിരുന്നത്. 23-ാം ജോൺപോൾ മാർപാപ്പാ 1959 ൽ കൂരിയായിൽ ചില മാറ്റങ്ങൾ വരുത്തിയപ്പോൾ കർദിനാൾ തിസ്സറാങ്ങിന് പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിസ്ഥാനം കർദിനാൾ അമെലേത്തോ ചിക്കോഞ്ഞാനിയെ ഏല്പിക്കേണ്ടിവന്നു. അതേക്കുറിച്ച് വ്ളാദിമിർ ദ് ഒർമെസോൺ പറയുന്നത് ഇപ്രകാരമാണ്: "വലിയ മനോവിഷമത്തോടുകൂടിയല്ല അങ്ങ് പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘത്തിന്റെ ചുമതല ഒഴിഞ്ഞതെന്നു പ്രസ്താവിക്കാൻ സാധിക്കുകയില്ല."


കർദിനാളിന്റെ സാന്നിധ്യത്തിലാണ് ഈ പ്രസംഗം നടക്കുന്നതെന്ന് നാമോർക്കണം. 1961 ആയപ്പോഴേക്കും കർദിനാളിന്റെ സഹപ്രവർത്തകനും ഒരു പൗരസ്ത്യസഭാംഗവുമായ കർദിനാൾ ഗബ്രിയേൽ കൂസ്സാ പൗരസ്ത്യതിരുസംഘത്തിന്റെ തലപ്പത്തുവന്നത് കർദിനാൾ തിസ്സറങ്ങിനെ സന്തുഷ്ടനാക്കുന്നുണ്ടെന്നും ദ് ഒർമസോൺ പ്രസ്താവിക്കുന്നുണ്ട്.

(തുടരും)

## വായന

### കുരിശിന്റെ വഴിയിൽ


**രക്ഷകന്റെ പീഡാസഹനം**



**ഗ്രന്ഥകർത്താ: കെ.ജെ. അലക്സാണ്ടർ**
**പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം**
**വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ**
**വില : ₹ 300**

'സ്വയം ത്യജിച്ച് അനുദിനം സ്വന്തം കുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കുക' എന്ന യേശുവചനം ഹൃദിസ്ഥമാക്കി അനുവർത്തിക്കാൻ ക്രൂശിതനെപ്പറ്റി നിരന്തരം ധ്യാനിക്കുക ആവശ്യമാകുന്നു. ഇതിനു തികച്ചും അനുയോജ്യമായ പുസ്തകം.

### FORGIVE & LOVE



Author : George Ettuparayil
Publishers : George N.X.
Distribution : St. Thomas Bookstall, Pala
Price : ₹ 150

A simple book that brings love, forgiveness, healing and joy into the hearts of today's men and women!

# ആനക്കലിയിൽ കിടുങ്ങുന്നൂ കേരളം!



ഡോ. തോമസ് മൂലയിൽ

ആ ആന ആറാട്ട്
ഈ ഈച്ച ഈരണ്ട്
ഊ ഊണ് ഊഞ്ഞാല്
ഏ ഏണി ഏലക്കാ

കുഞ്ഞുങ്ങളെ അക്ഷരം പഠിപ്പിക്കാനുള്ള സൂത്രവാക്യം. അമ്മ കഴിഞ്ഞാൽ പരിചയപ്പെടുന്നത് ആനയെ! കുരുന്നുമനസ്സിൽ അക്ഷരം ഉറപ്പിക്കാൻ പറ്റിയ സൂത്രവാക്യം!

അമ്മ: ആറ്റിപ്പാ?

കുഞ്ഞ്: ആം.

അമ്മ: തോട്ടിപ്പാ?

കുഞ്ഞ്: ആം.

അമ്മ: ആനേം കുതിരേം കണ്ടാ പേടിക്കോ?

കുഞ്ഞ്: ഇല്ല.

കുഞ്ഞിന്റെ കണ്ണിൽ അമ്മ ഒറ്റ ഊത്ത്!

കുഞ്ഞ് പിറുപിറെ കണ്ണടക്കുന്നു. അമ്മേം കുഞ്ഞും ചിരിക്കുന്നു. കുഞ്ഞുങ്ങളെ കളിപ്പിക്കാനുള്ള ഒറ്റമൂലി!

"ആനത്തലയോളം
വെണ്ണതരാമെടാ,
ആനന്ദശ്രീകൃഷ്ണാ
വാ മുറുക്ക്!"

ഉണ്ണിക്കൃഷ്ണൻ മണ്ണുവാരിത്തിന്നതുകണ്ട് കൂട്ടുകാർ ഓടിച്ചെന്ന്, അമ്മ യശോദയെ വിവരം അറിയിക്കുന്നു. യശോദ ഓടിവന്ന് ഉണ്ണിയോടു വായ് പൊളിക്കാൻ പറയുന്നു. അവൻ വായ് പൊളിച്ചു. ഭൂലോകം മുഴുവൻ അവന്റെ വായിൽ തെളിയുന്നു. അന്തംവിട്ട യശോദ പറഞ്ഞതാണിത്. കുഞ്ഞുങ്ങൾക്ക് ഉണ്ണിക്കൃഷ്ണന്റെ ബാലലീലകൾ കേൾക്കാനിഷ്ടമാണ്. കവിതയിലൂടെ അവതരിപ്പിക്കുമ്പോൾ അതിന്റെ രസം വർധിക്കും. കൂടാതെ, കുട്ടികൾക്കു കവിതയോട് ആഭിമുഖ്യം ഉണ്ടാക്കാനും ഇതു സഹായിക്കും. പള്ളിക്കൂടങ്ങളിൽ വ്യാകരണം പഠിക്കുന്ന രീതി നിലനിന്നിരുന്നപ്പോൾ, അതിന്റെ ബാലപാഠം പഠിപ്പിക്കാൻ ഉപയോഗിച്ചിട്ടുള്ള ഒരു വാക്യമുണ്ട്: "ആന തടി വലിക്കുന്നു."

"ആരാണു തടി വലിക്കുന്നത്?"

"ആന." – കർത്താവ്

"എന്താണു വലിക്കുന്നത്?"

"തടി." – കർമം.

"ആന എന്താണു ചെയ്യുന്നത്?" "വലിക്കുന്നു" – ക്രിയ

സന്ധിനിയമം പഠിപ്പിക്കാനുള്ള ഒരു വാക്യം:

"ആന പുറത്തു കയറി വരുന്നു." തെറ്റു തിരുത്തുക.

ആന+പുറം = ആനപ്പുറം. ഇവിടെ 'പ' ഇരട്ടിക്കുന്നു. ദിത്വസന്ധി. കുട്ടികളെ രസിപ്പിക്കാനും പഠിപ്പിക്കാനും ആനയുടെ പങ്കു വലുതാണ്.

സുപ്രസിദ്ധരും കുപ്രസിദ്ധരുമായ കരിവീരന്മാർ! ഗുരുവായൂർ രാധാകൃഷ്ണൻ, നെച്ചിക്കോട്ടു രാമചന്ദ്രൻ, ചിറയ്ക്കൽ കാളിദാസൻ, പാമ്പാടി രാജൻ, ഈരാറ്റുപേട്ട അയ്യപ്പൻ, പാറമേക്കാവ് കാളിദാസൻ മുതലായവരാണ് നാട്ടിലെ പ്രമാണിമാർ. കാട്ടിലേക്കു കടന്നാൽ അരിക്കൊമ്പൻ, ചക്കക്കൊമ്പൻ, ഒറ്റക്കൊമ്പൻ, പടയപ്പ എന്നിങ്ങനെ നീളുന്ന അവിടത്തെ കൊലകൊമ്പന്മാർ. ഇവറ്റകൾക്കു താരശോഭ പകരുന്നതു മാധ്യമങ്ങളാണ്. പ്രത്യേകിച്ചു ചാനലുകാർ. ഇവയ്ക്കുവേണ്ടി കണ്ണീരൊഴുക്കുന്നതും കൈയടിക്കുന്നതും ആനപ്രേമികളും ആനഭക്തരുമാണ്. ബഹുജനങ്ങൾക്കു പൊതുവിലുള്ള പങ്ക് ചെറുതായി കാണാനാവില്ല.



കരിവീരന്മാരുടെ വീരശൂരക്രൂരപരാക്രമങ്ങളുടെ പത്രത്തലക്കെട്ടുകൾ നോക്കാം: "ബന്ദിപ്പൂരിനു സമീപം കാട്ടാന യുവാവിനെ ചവിട്ടിക്കൊന്നു."

"പടയപ്പ ചുഴറ്റിയെറിഞ്ഞ യുവതിക്ക് ഗുരുതരപരിക്ക്."

"രണ്ടു ജീവനെടുത്തു കാട്ടാന; ദമ്പതികളെ ചവിട്ടിക്കൊന്നു."

"തട്ടേക്കാടും കാട്ടാനയാക്രമണം; വീട്ടമ്മ രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്."

"അരിക്കൊമ്പൻ നടുറോഡിൽത്തന്നെ നിലയുറപ്പിച്ചു."

"ആറളം ഫാമിൽ വീണ്ടും കാട്ടാനയാക്രമണം; കാട്ടാന യുവതിയെ തുമ്പിക്കൈക്കൊണ്ട് ചുഴറ്റിയെറിഞ്ഞു."

"ഒറ്റക്കൊമ്പനു പരിക്കേറ്റു."

"മൂന്നാറിൽ ഓടിക്കൊണ്ടിരുന്ന കാർ കാട്ടാന ചവിട്ടിമറിച്ചു."

"പടയപ്പനു മദപ്പാട്."

ഇങ്ങനെ എത്രയെത്ര വാർത്തകൾ! തലക്കെട്ടുകൾ എഴുതാൻതന്നെ ഒരു പുസ്തകം വേണ്ടി വരും. വാർത്തകൾ സരസമായി അവതരിപ്പിക്കാൻ മാധ്യമങ്ങൾ മത്സരിക്കുന്നു. ചാനലുകൾ രംഗം ശോഭ വർധിപ്പിച്ച് ചൂടാറാതെ നല്കാൻ നിതാന്തജാഗ്രത പുലർത്തുന്നു! വിശദവിവരങ്ങൾ ഇഴകീറി പരിശോധിക്കുന്നു! ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴാണു വരിക്കാശ്ശേരി ക്ഷേത്രത്തിൽ ഇടഞ്ഞ ഊട്ടോളി മഹാദേവൻ ആനയുടെ പരാക്രമം ടി.വി. ചാനലിൽ തെളിയുന്നത്. ആനയുടെ പരാക്രമങ്ങൾ വിവരിക്കുന്നത് ഒരു ഫുട്ബോൾ മത്സരം നടക്കുമ്പോഴുള്ള കമന്ററിയെയും വെല്ലുന്നു! "ആരാന്റമ്മയ്ക്ക് ഭ്രാന്തു വന്നാൽ കാണാൻ നല്ല ശേല!" ഇക്കഴിഞ്ഞ പത്തുവർഷത്തിനിടെ പൊലിഞ്ഞത് 262 മനുഷ്യജീവനുകൾ!

ഉത്തരവാദിത്വപ്പെട്ടവർ പ്രൈമറി പള്ളിക്കൂടത്തിലെ കുട്ടികളെപ്പോലെ ആനക്കാര്യം കേട്ടു രസിക്കുന്നു! മന്ത്രിമാരും എം.എൽ.എ. മാരും പാർട്ടിവ്യത്യാസമില്ലാതെ നേതാക്കളെല്ലാം മരിച്ചടക്കിൽ പങ്കെടുക്കും; അനുശോചനം രേഖപ്പെടുത്തും. ബന്ധപ്പെട്ടവരെ ചേർത്തുപിടിച്ചാശ്ലേഷിച്ച് അഗാധമായ ദുരന്തം അനുഭവിച്ചാലെന്നപോലെ അഭിനയിച്ചു രേഖപ്പെടുത്തും. ജീവനു വിലയായി അഞ്ചുലക്ഷം രൂപയാണു സാധാരണമായി സർക്കാർ നൽകാറുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നു: വന്യമൃഗാക്രമണങ്ങളിൽ ആശ്വാസവാക്കുകളും ധനസഹായവും മനുഷ്യജീവനു പകരമാകില്ല." കോടതി ചോദിക്കുന്നു: "വെടിക്കെട്ടു സ്ഥലത്തേക്ക് ആനകളെ എന്തിനു കൊണ്ടുപോകുന്നു? ഇതിനുള്ളിൽ വ്യംഗമായ ഒരു ചോദ്യംകൂടിയുണ്ട്: "എന്തിനാണ് ഈ വെടിക്കെട്ട്?" ഇതിനിടെ ഒരു വിലാപം കേട്ടു: "കേരളത്തിൽ ആകെ 382 ആനകളേ ഉള്ളൂ. അതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽനിന്ന് ആനകളെ കൊണ്ടുവരണം!" കാട്ടാനയാക്രമണത്തിൽ എല്ലാം നഷ്ടപ്പെട്ട ശ്യാമള എന്ന സാധുസ്ത്രീയുടെ ചോദ്യം: "ഇനി ഒരാളും കൊല്ലപ്പെടില്ലെന്ന് ഉറപ്പു തരാമോ?" ചോദ്യം സർക്കാരിനോടാണ്.

ഇതിനിടെ, ഇതാ വിചിത്രമായ ഒരു പരാതിയുമായി ആനപ്രേമികൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നു. "വാക്കിങ് ഫൗണ്ടേഷൻ ഫോർ ആനിമൽ അഡ്വക്കസി' എന്ന സംഘടനയാണ് കോടതിയെ സമീപിച്ചിരിക്കുന്നത്. മൂന്നാറിൽ പരിക്കേറ്റ കാട്ടാനയ്ക്കു ചികിത്സ നല്കണമെന്നാണ് അവരുടെ ആവശ്യം. അവൻ കൊന്നുകൊലവിളിച്ച മനുഷ്യജന്മങ്ങളെ ഓർക്കാനും അവരുടെ കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങു കൊടുക്കാനും ആവശ്യപ്പെടുന്ന ഒരു മനുഷ്യസ്നേഹിസംഘടന നമുക്കില്ലാതെപോയല്ലോ! ആനയെയും മനുഷ്യനെയും തൂക്കിനോക്കിയാൽ മനുഷ്യന്റെ തട്ട് ഉയർന്നുപോകാമല്ലോ എന്ന 'ലോജിക്' ഒരു വിധത്തിൽ ശരിയല്ലേ?

കാട്ടാനകളുടെ കാര്യത്തിൽ അവയെ പ്രതിരോധിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനു തന്നെയാണെന്ന കാര്യത്തിൽ ആരും തർക്കമുന്നയിക്കുകയില്ല. പക്ഷേ, സർക്കാർ കൈമലർത്തിമാറി നിൽക്കാനാണു നോക്കുന്നത്. കാട്ടാനകളെ കാട്ടിനുള്ളിൽത്തന്നെ ഒതുക്കിനിർത്താൻ നിർദേശങ്ങൾ പലതുമുണ്ട്. പക്ഷേ, ഫലപ്രദമായി ഒന്നും നടക്കുന്നില്ല. ഒരു ദുരന്തമുണ്ടാകുമ്പോൾ എന്തെങ്കിലും കാട്ടിക്കൂട്ടുക. അടുത്ത ദുരന്തത്തിനുവേണ്ടിയുള്ള കാത്തിരുപ്പാണ് പതിവ്. ശക്തമായ ഫെൻസിങ് പണി തുടങ്ങി പാതിവഴി ഇട്ടിട്ടു മാറി നില്ക്കുന്നു. ഒരിക്കലും അതു പൂർത്തിയാക്കപ്പെടുന്നില്ല. ആനകൾക്കു കുടിവെള്ളം ഉറപ്പാക്കാനുള്ള പദ്ധതികളും ഒന്നുംതന്നെയില്ല. അങ്ങനെ, സർക്കാരിനു ചെയ്യാവുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങൾ അവതാളത്തിൽ കിടക്കുന്നതാണു ദുരന്തങ്ങളുടെ മുഖ്യകാരണം.

അ കാര്യത്തിൽ കേരള സർക്കാരിനെ കുറ്റപ്പെടുത്താനാവില്ല. വനനിയമം ഭേദഗതി ചെയ്യാൻ സംസ്ഥാനസർക്കാരിനു പറ്റില്ല. അതിനുള്ള നിയമനിർമാണം നടത്തേണ്ടതു കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാരിന്റെ നിരുത്തരവാദിത്വപരമായ നിലപാടാണ് ഏറ്റവും വലിയ ഭീഷണി. അവിടെ സമ്മർദമുണ്ടാക്കാൻ ജനപ്രതിനിധികൾക്കു കഴിയുന്നില്ല. അതിനു രാഷ്ട്രീയക്കാർ മുഴുവൻ, ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ കാണിക്കുന്ന അലംഭാവം കുറ്റകരമായ അനാസ്ഥയാണ്. കാട്ടാനകളുടെ ആക്രമണത്തിനിരയാകുന്നത് പാർശവത്കരിക്കപ്പെട്ട ജനതയാണ്. അവർ ന്യൂനപക്ഷമാണ്. അസംഘടിതരുമാണ്. അപ്പോൾ, അവരെ അവഗണിക്കാൻ സർക്കാരിനെളുപ്പമാണ്. അവരുടെ ശബ്ദം വനരോദനമായി അവഗണിക്കപ്പെടുന്നു! ഒരു കാര്യം ഉറപ്പാണ്, കാട്ടിലെ ഒരു കൊലകൊമ്പനും ഒറ്റക്കണ്ണനോ അരിക്കൊമ്പനോ ചക്കക്കൊമ്പനോ പടയപ്പയോ തിരുവനന്തപുരത്തെത്തില്ല. സെക്രട്ടറിയേറ്റിന്റെ പടിക്കൽപ്പോലും കാലുകുത്തില്ല. അതുകൊണ്ട്, ഭരണകർത്താക്കളും അവരുടെ കുടുംബാംഗങ്ങളും എന്നും സുരക്ഷിതരായിരിക്കും. പ്രതിപക്ഷനേതാക്കളുടെയും സ്ഥിതി മറിച്ചല്ല. പിന്നെ, അവരെന്തിനു വനത്തിലെ കാര്യത്തിലിടപെടുന്നു? അവരൊക്കെ വെയിലും ചൂടും ഏല്ക്കാതെ മന്ത്രി മന്ദിരങ്ങളിലും പ്രതിപക്ഷനേതൃതാവളങ്ങളിലും ആനന്ദിച്ചാഹ്ലാദിച്ചഭിരമിക്കുന്നു. അസൂയപ്പെട്ടിട്ടു കാര്യമില്ല! സമ്മർദംമൂലം ഇരിക്കപ്പൊറുതിയില്ലാതെവരുമ്പോൾ കേന്ദ്രത്തിനെ പഴിചാരി കേരളസർക്കാർ തടിതപ്പുന്നു. പ്രതിപക്ഷം ഭരണപക്ഷത്തെ പഴിചാരി നല്ലപിള്ള ചമഞ്ഞു നടക്കുന്നു. പാവം കർഷകർ! അവരുടെ ജീവനും പറമ്പും ദേഹണ്ഡവും ആനക്കൂട്ടം ചവിട്ടിത്തകർത്തു മുന്നേറുന്നു!

ഇനി, നാട്ടാനകളുടെ കാര്യമാകുമ്പോൾ ബഹുജനങ്ങളും പ്രതിപ്പട്ടികയിലാണ്. ഉത്സവം നടത്തിപ്പുകാരും പെരുനാൾ കമ്മിറ്റിക്കാരും പ്രതിപ്പട്ടികയിൽ ഒന്നാം സ്ഥാനത്തുതന്നെ. ആനയെഴുന്നള്ളത്തു കാണാനാണല്ലോ ഭക്തജനങ്ങൾ അമ്പലങ്ങളിലും പള്ളികളിലും പോകുന്നത്. ഇത് ആനക്കമ്പക്കാരുടെ ഭാഷ്യമാണ്. ആനയില്ലെന്നു കരുതി ഒരു ഭക്തന്റെയും വിശ്വാസത്തിന് ഒരു കോട്ടവുമുണ്ടാകില്ല; അവർ വന്നു പ്രാർഥിച്ചു മടങ്ങിക്കൊള്ളും. വെടിക്കെട്ടും ആനക്കൂത്തും കാണാൻവേണ്ടി ശരിയായ ഒരു ഭക്തരും അമ്പലത്തിലോ പള്ളിയിലോ പോകില്ല. കച്ചവടക്കാരുടെയും ബിസിനസ്സുകാരുടെയും നടത്തിപ്പുകാരുടെയും വയറ്റിപ്പിഴപ്പിനുവേണ്ടി ബഹുജനത്തെ ചൂഷണം ചെയ്യുന്നു. ആന കലിയിളകി എല്ലാം തല്ലിത്തകർത്തു മുന്നേറുമ്പോൾ, ആളുകളെ ചവിട്ടിമെതിച്ചും തുമ്പിക്കൈ കൊണ്ടു ചുഴറ്റിയെറിഞ്ഞും കലിതുള്ളുന്നതു കാണുമ്പോൾ, ആ ക്രൂരവിനോദം കണ്ടാസ്വദിക്കുന്ന കഠിനഹൃദയർക്കുവേണ്ടി പാവം ജനങ്ങൾ ബലിയാടുകളാകുന്നു.

ജനം മരണവെപ്രാളത്തിൽ പിടയുമ്പോൾ ഭരണക്കാരും പ്രതിപക്ഷക്കാരും അടുത്ത നിമയമസഭാതിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പിലാണ്. ബൂത്തുതലം, വാർഡുതലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ എല്ലാ തലങ്ങളിലുമുള്ള സമ്മേളനങ്ങളും ശക്തിപ്രകടനങ്ങളിലുമാണ് ശ്രദ്ധമുഴുവനും. ആനയെ പിടിക്കാനല്ല, ആളെപിടിക്കാനുള്ള കെണികളാണു രൂപകല്പന ചെയ്യുന്നത്. രാഷ്ട്രീയപ്പാർട്ടികൾ നയരേഖ രൂപീകരിക്കുന്ന ആലോചനായോഗങ്ങളിൽ ഓരോ പാർട്ടിയുടെയും പ്രവർത്തനമികവിനെ പ്രകീർത്തിച്ചുകൊണ്ടു സ്തുതിപാഠകർ പാട്ടുപാടുകയും നൃത്തം ചവിട്ടുകയും ചെയ്യുന്നു. നേതാക്കൾക്ക് 'കീജെ' വിളിച്ച് ഓളം സൃഷ്ടിച്ച്, പാകപ്പെടുത്തിയെടുക്കുന്ന പ്രകടനപത്രിക മിക്കവാറും തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നു. പാവം ജനം രണ്ടറ്റം കൂട്ടിമുട്ടിക്കാൻ നെട്ടോട്ടമോടുന്നു! ആനയെപ്പേടിച്ച് നാടുവിടുന്നതിനെപ്പറ്റിയും അവർ ആലോചിക്കുന്നു. നഷ്ടപ്പെടാൻ വിലങ്ങുകൾ; കിട്ടാനുള്ളതു പുതിയൊരുലോകം. വർണവർഗവിവേചനമില്ലാത്ത, ദുഃഖദുരിതങ്ങളില്ലാത്ത സമത്വസുന്ദരസ്വർഗം സ്വപ്നം കണ്ട് അന്തിയുറങ്ങാം. ഇടതുവലതു രാഷ്ട്രീയക്കാരേ, ആനകളിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ... ആമ്മേൻ!

■

Deepanalam Weekly

RNI No : 16998/68
Vol. 58 No. 3 Date of Publication 13 March 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org